1. സാമ്രാജ്യത്വത്തിന്റെ ഏറ്റവും പ്രകടമായ പ്രത്യേകത :

(a) ചൂഷണം

(b) വർണ്ണവിവേചനം

(c) ദേശീയത

(d) വികസനം

Correct Choice: (**a**)
Solution:

ഭൂമിശാസ്ത്രപരമായ നേരിട്ടുള്ള അധിനിവേശത്തിലൂടെയോ, രാഷ്ട്രീയ - സാമ്പത്തിക അധിനിവേശത്തിലൂടെയോ, ഒരു രാജ്യത്തിന്റെ അധികാരവും നിയന്ത്രണവും മറ്റൊരു രാജ്യത്തേയ്ക്ക് വ്യാപിപ്പിക്കുന്ന ഭരണകൂട നയത്തെ സാമ്രാജ്യത്വം (Imperialism) എന്ന് വിശേഷിപ്പിക്കുന്നു. ഭൂമിശാസ്ത്രപരമായോ രാഷ്ട്രീയമായോ കീഴടക്കപ്പെട്ട കോളനികൾ അഥവാ സാമന്തരാജ്യങ്ങളെ രാജ്യങ്ങളെ സൃഷ്ടിച്ച്, സാമ്രാജ്യ വ്യാപനം സാധ്യമാക്കുന്ന ഈ സമ്പ്രദായം രാഷ്ട്രങ്ങൾക്കിടയിൽ അസമമായ സാമ്പത്തിക, സാംസ്കാരിക, ഭൂമിശാസ്ത്ര ബന്ധങ്ങൾക്ക് കാരണമാകുന്നു. സൈനികമായതോ മറ്റേതെങ്കിലും രൂപത്തിലോ ഉള്ള അധികാര പ്രയോഗത്തിലൂടെ, മറ്റു രാജ്യങ്ങളെ കീഴ്പ്പെടുത്തുന്ന ഈ നയം അന്താരാഷ്ട്ര ബന്ധങ്ങളിൽ ആശാസ്യമല്ലാത്ത ഒന്നായി കരുതപ്പെടുന്നു.

"ആജ്ഞാപിക്കുക" എന്നർത്ഥം വരുന്ന imperare എന്ന ലാറ്റിൻ വാക്കിൽ നിന്നുമാണ് imperialism എന്ന പദത്തിന്റെ ഉത്പത്തി. സാമ്രാജ്യത്വ വ്യാപനങ്ങളുടെ ചരിത്രം ചക്രവർത്തിവാദം കാംക്ഷിച്ചുള്ള സമ്രാജ്യവ്യാപനത്തിൽ ആരംഭിച്ച്, കച്ചവട സാമ്രാജ്യത്വത്തിന്റെ വികാസത്തിലൂടെ, നവസാമ്രാജ്യത്വം എന്ന് ഇന്ന് വിശേഷിപ്പിക്കുന്ന, സാമ്പത്തിക നയങ്ങളിലൂടെയുള്ള സാമ്രാജ്യത്വ ആധികാര പ്രയോഗം വരെ എത്തിനിൽക്കുന്നു . പുരാതന ചൈനീസ് സാമ്രാജ്യം, അസ്സീരിയൻ സാമ്രാജ്യം, അലക്സാണ്ടറുടെ ഗ്രീക്ക് സാമ്രാജ്യം തുടങ്ങി ആധുനികകാലത്തെ അമേരിക്കൻ സാമ്രാജ്യത്വം വരെ നിരവധി ഉദാഹരണങ്ങൾ അതിനുണ്ട്. അതേസമയം 19 - ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥം മുതൽ 20 –ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥംവരെയുള്ള കാലത്തെ "സാമ്രാജ്യത്വത്തിന്റെ കാലം" എന്ന് വിശേഷിപ്പിക്കുന്നു. ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ജപ്പാൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ ലോകവ്യാപകമായി കോളനികൾ സ്ഥാപിച്ച കാലമാണിത്. സാമന്ത രാജ്യങ്ങളുടെ മേൽ നിയമപരമായ അധീശത്വം പുലർത്തിയ അധീശരാജ്യങ്ങൾ ഇക്കാലത്ത്, അവയുടെ സ്വത്തുവകകളും സമ്പത്തും തന്താങ്ങളുടെ രാജ്യത്തേക്ക് കടത്തിയതായി കാണാം.

2. മനുഷ്യൻ സസ്തനികളിലെ ഉയർന്ന വർഗ്ഗമായ ............എന്ന ഗണത്തിൽ പെട്ടവരാണ്

(a) പ്രൈമേറ്റുകൾ

(b) ആൾക്കുരങ്ങ്

(c) ചിമ്പൻസി

(d) ആസ്ട്രലോപിത്തേക്കസ്

Correct Choice: (**a**)
Solution:

മനുഷ്യനും കുരങ്ങുകളും തുടങ്ങിയ സസ്തനികൾ ഉൾപ്പെടുന്ന ഗോത്രമാണ് പ്രൈമേറ്റ് ഗോത്രം ലീമറുകൾ, ടാർസിയർ എന്നിവ ഉൾക്കൊള്ളുന്ന പ്രോസിമിയനുകൾ കുരങ്ങുകളും ആൾക്കുരങ്ങുകളും ഉൾപ്പെടുന്ന സിമിയനുകൾ എന്നിവ ഉൾക്കൊള്ളുന്ന ഈ ഗോത്രത്തിൽ മനുഷ്യനെ ഒഴിച്ചുനിർത്തിയാൽ മിക്കവാറും എല്ലാ പ്രൈമേറ്റുകളും അമേരിക്കൻ വൻകരകൾ, ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങളിലെ ഉഷ്ണമേഖലയിലോ ഉപോഷ്ണമേഖലയിലോ ആണ് കാണപ്പെടുന്നത്

3. ഇറ്റലിയുടെ ഏകീകരണത്തിന് ശ്രമിച്ച ചിന്തകൻ :

(a) ഗാരിബാൾഡി

(b) കൗണ്ട് കാവൂർ

(c) മസീനി

(d) വിക്ടർ ഇമ്മാനുവൽ

Correct Choice: (**a**)
Solution:

ഐക്യ ഇറ്റലിയുടെ രൂപീകരണത്തിന് അടിത്തറയിട്ട രാഷ്ട്രീയ-സൈനികനേതാവാണ് ജ്യൂസെപ്പെ ഗാരിബാൾഡി. പ്രഗല്ഭനായ ഒളിപ്പോരാളിയും തന്ത്രശാലിയായ സൈനികമേധാവിയുമായിരുന്നു ഇദ്ദേഹം. 1807ൽ ഫ്രഞ്ച് അധീന പ്രദേശമായ നിസയിൽ ജനിച്ചു. വൻ ശക്തികളുടെ അധിനിവേശത്തിന് കാലാകാലങ്ങളായി ഇരയായി ചിതറിക്കിടക്കുകയായിരുന്നു അക്കാലത്ത് ഇറ്റലി. രാജ്യത്തെ ഏകീകരിക്കാൻ വേണ്ടി ഉരുത്തിരിഞ്ഞ പ്രക്ഷോഭത്തിന് ഗാരിബാൾഡി നേതൃത്വം നൽകി.

4. സുഡാനിലെ നീഗ്രോകൾ അറിയപ്പെടുന്ന പേര് :

(a) ബുഷ്മെൻ

(b) സെൽറ്റുകൾ

(c) കാഫിരി

(d) കോക്കസോയ്ഡ്

Correct Choice: (**c**)
Solution:

ആഫ്രിക്കയിലെ ബന്റു്വർഗത്തിൽപ്പെട്ടവൻ, നീഗ്രോ കറുത്തനിറം, ചുരുണ്ട കറുത്തമുടി പതുങ്ങിയ മൂക്ക്, തടിച്ചുന്തിയ ചുണ്ട് ഇവ വർഗ ലക്ഷണങ്ങൾ ആണ്.

5. ചൈനയിൽ പ്രവർത്തിച്ച് വന്നിരുന്ന വിവിധ വിപ്ലവ സംഘടനകളെ ഏകോപിപ്പിച്ച് സൺയാറ്റ്സൺ രൂപീകരിച്ച സംഘടന :

(a) കുമിന്താങ് പാർട്ടി

(b) ഡെമോക്രറ്റിക് പാർട്ടി

(c) ചൈനീസ് റിപ്പബ്ലിക്കൻ ലീഗ്

(d) കമ്മ്യൂണിസ്റ്റ് ലീഗ്

Correct Choice: (**a**)
Solution:

ചൈനീസ് വിപ്ലവകാരിയും രാഷ്ട്രീയനേതാവുമായിരുന്ന സൺ യാത്-സെൻ . പ്രജാധിപത്യ ചൈനയുടെ ആദ്യ പ്രസിഡന്റായ അദ്ദേഹം രാഷ്ട്രപിതാവായി കണക്കാക്കപ്പെടുന്നു. ചൈനയിലെ അവസാനത്തെ സാമ്രാജ്യമായിരുന്ന ക്വിങ് സാമ്രാജ്യത്തെ 1911 ഒക്ടോബറിൽ അവസാനിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. റിപബ്ലിക് ഓഫ് ചൈന 1912-ൽ സ്ഥാപിതമായപ്പോൾ അതിന്റെ ആദ്യ പ്രസിഡന്റായി. പിന്നീട് ക്വോമിൻതാങ് പാർട്ടി സ്ഥാപിക്കുകയും അതിന്റെ ആദ്യ നേതാവാകുകയും ചെയ്തു. രാജഭരണാനന്തരമുള്ള ചൈനയെ ഏകീകരിക്കുന്നതിൽ പ്രധാന പങ്കു വഹിച്ച സൺ ചൈനയിലും തായ്‌വാനിലും ഒരുപോലെ ബഹുമാനിക്കപ്പെടുന്ന ചുരുക്കം നേതാക്കളിലൊരാളാണ്.

6. ജീവന്റെ ഉത്ഭവം എവിടെയാണ് ?

(a) കരയിൽ
(b) സമുദ്രത്തിൽ
(c) അന്തരീക്ഷത്തിൽ
(d) ചന്ദ്രനിൽ

Correct Choice: (**b**)
Solution:

ജീവന്റെ സാന്നിധ്യം ആദ്യമായി ഉണ്ടായത് ജലത്തിൽ ആണ്എന്ന്നാണ് പരിണാമ സിദ്ധാന്തം പറയുന്നത്

7. 1889– ലെ രണ്ടാം ഇന്റർനാഷണൽ നടന്ന സ്ഥലം :

(a) ലണ്ടൻ
(b) ന്യൂയോർക്ക്
(c) പാരീസ്
(d) റോം

Correct Choice: (**c**)
Solution:

## ഒന്നാം ഇന്റർനാഷണൽ

ലോകത്ത് ആദ്യമായി അന്താരാഷ്ട്ര തലത്തിൽ തൊഴിലാളികൾക്ക് വേണ്ടി രൂപീകരിക്കപ്പെട്ട സംഘടനയാണ് ഇന്റർനാഷണൽ വർക്കിങ് മെൻസ് അസോസിയേഷൻ ( IWA , 1864-1876).ഒന്നാം ഇൻറർനാഷണൽ എന്നും ഇത് അറിയപ്പെടുന്നു.പല ഇടതുപക്ഷ സോഷ്യലിസ്റ്റ് , കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ ഗ്രൂപ്പുകൾ ചേർന്ന് രൂപപ്പെടുത്തിയ, ട്രേഡ് യൂണിയൻ സംഘടനകളുടെ കൂട്ടമായിരുന്നു ഇത്.1864 ൽ ലണ്ടനിലെ സെന്റ് മാർട്ടിനസ് ഹാളിൽ നടന്ന ഒരു തൊഴിലാളിയുടെ യോഗത്തിലാണ് ഇത് സ്ഥാപിതമായത്. അതിന്റെ ആദ്യ സമ്മേളനം 1866 ൽ ജനീവയിൽ നടന്നു. ഈ സംഘടനയുടെ രൂപീകരണത്തിൽ നിർണ്ണായക പങ്കുവഹിച്ച രണ്ടു വ്യക്തിത്വങ്ങളായിരുന്നു കാൾ മാക്സും ഏംഗൽസും. 1872-ലെ കമ്യൂണിസ്റ്റ്, അരാജകവാദി വിഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളിൽ സംഘടന വിഭജിക്കപ്പെട്ടു. 1876 ൽ അത് പിരിച്ചുവിട്ടു. തുടർന്ന് 1889 ൽ രണ്ടാം ഇന്റർനാഷണൽ സ്ഥാപിതമായി.

8. അഖില സ്ലാവ് പ്രസ്ഥാനത്തിന്റെ വക്താവ് :

(a) ജർമ്മനി
(b) ബ്രിട്ടൺ
(c) റഷ്യ
(d) ഇറ്റലി

Correct Choice: (**c**)
Solution:

അഖില സ്ലാവ് പ്രസ്ഥാനത്തിൻറെ വക്താവ്- റഷ്യ

9. ഒന്നാം ലോക മഹായുദ്ധകാലത്തെ അമേരിക്കൻ പ്രസിഡണ്ട് :

(a) എബ്രഹാം ലിങ്കൺ
(b) ജോർജ് വാഷിംഗ്ടൺ
(c) വുഡ്‌റോ വിൽസൺ
(d) റൂസ്‌വെൽറ്റ്

Correct Choice: (**c**)
Solution:

അമേരിക്കൻ ഐക്യനാടുകളുടെ ഇരുപത്തി എട്ടാമത്തെ പ്രസിഡന്റായിരുന്നു വുഡ്രോ വിൽസൺ എന്ന പേരിൽ അറിയപ്പെടുന്ന തോമസ് വുഡ്രോ വിൽസൺ - Thomas Woodrow Wilson. 1913 മുതൽ 1921 വരെ അമേരിക്കയുടെ പ്രസിഡന്റായിരുന്നു വിൽസൺ. വെർജീനിയയിലെ സ്റ്റൗൺടണിൽ 1856 ഡിസംബർ 28ന് ജനിച്ചു. ജോൺ ഹോപ്കിൻസ് സർവ്വകലാശാലയിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ ഡോക്ടറേറ്റ് നേടി. വിവിധ സ്ഥാപനങ്ങളിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചിരുന്നു. 1902 മുതൽ 1910 വരെ പ്രിൻസ്റ്റൺ സർവ്വകലാശാലയുടെ പ്രസിഡന്റായിരുന്നു. 1910ൽ ന്യൂ ജെഴ്സിയുടെ ഗവർണർ സ്ഥാനാർഥിയായി മത്സരിച്ചു. ന്യൂ ജെഴ്സിയുടെ 34ാമത് ഗവർണറായി തിരഞ്ഞെടുക്കപ്പെട്ടു. 1911 മുതൽ 1913വരെ ന്യൂ ജെഴ്സിയുടെ ഗവർണറായി സേവനമനുഷ്ഠിച്ചു.

10. ഗാന്ധിജി എത്ര തവണയാണ് കേരളം സന്ദർശിച്ചിട്ടുള്ളത് ?

(a) 4
(b) 3
(c) 2
(d) 5

Correct Choice: (**d**)

Solution:

★ ഗാന്ധിജി കേരളത്തിൽ അഞ്ചു പ്രാവശ്യം സന്ദർശനം നടത്തി.

### അവ താഴെ പറയുന്ന വർഷങ്ങളിൽ ആണ്

● 1- 1920 :- ഖിലാഫത്ത് സമരത്തിന്റെ പ്രചാരണാർത്ഥം

●2- 1925 :- വൈക്കം സത്യാഗ്രഹസമരത്തിന് പരിഹാരം കാണുക എന്ന ലക്ഷ്യം

●3- 1927 :- കോഴിക്കോട് ഗാന്ധിജിയുടെ അധ്യക്ഷതയിൽ ഹരിജന സമ്മേളനം

●4- 1934 :- ഹരിജൻ ഫണ്ട് പിരിക്കൽ ലക്ഷ്യം

● 5- 1937 :- അവസാനത്തെ കേരള സന്ദർശനം .

11. കാലിത്തീറ്റ, ജൈവവളം എന്നിവയുടെ നിർമ്മാണത്തിനുപയോഗിക്കുന്ന കടൽ സസ്യങ്ങൾ ഏതാണ് ?

(a) ആമ്പൽ
(b) ഹൈഡ്രില്ല
(c) ആൽഗകൾ
(d) വാലിസ്നേറിയ

Correct Choice: (**c**)
Solution:

ഭൂമിയിലെ ആദ്യ സസ്യവിഭാഗമാണ് ആൽഗകൾ. ഇവ ഒരുതരം പായലുകളാണ്. നമുക്ക് കാണുവാൻ കഴിയാത്തതു മുതൽ 60 മീറ്ററോളം നീളത്തിൽ വളരുന്ന കെൽപ്പുകൾ (kelps)എന്ന വൻ സസ്യവിഭാഗങ്ങൾവരെ ആൽഗകളിലുണ്ട്.

ഇവയുടെ ശരീരഘടന വളരെ ലളിതമാണ്. ശരീരത്തിൽ കലകളുടെ വേർതിരിവില്ല. ഇവയുടെ ഒരേയൊരു പ്രത്യേകത ശരീരത്തിൽ ഹരിതകം അടങ്ങിയിരിക്കുന്നു. അതിനാൽ ആൽഗകൾക്ക് സ്വതന്ത്രജീവിതം നയിക്കാൻ കഴിയുന്നു. ആൽഗകളിലധികവും ജലത്തിൽ വളരുന്ന പ്രകൃതമുള്ളവയാണ്. ശുദ്ധജലത്തിലും ഉപ്പുവെള്ളത്തിലും ഇവ വളരും. ക്ലാമിഡൊമൊണാസ്, വോൾവോക്സ്, ഡയാറ്റം തുടങ്ങിയവ ശുദ്ധജല ആൽഗകളാണ്. ആൽഗകളെ അവയുടെ ഘടനയനുസരിച്ച് മൂന്നായി തരം തിരിച്ചിരിക്കുന്നു. റോഡോഫൈസിയ, ഫിയോഫൈസിയ, ക്ലോറോഫൈസിയ ഇവയാണു മൂന്നു വിഭാഗങ്ങൾ.

12. മനുഷ്യന്റെ ഏത് പ്രവർത്തനങ്ങളാണ് സമുദ്ര പരിസ്ഥിതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടമുണ്ടാക്കുന്നത് ?

(a) മത്സ്യബന്ധനം
(b) നീന്തൽ
(c) സമുദ്ര മലിനീകരണം
(d) ഉപ്പളങ്ങൾ

Correct Choice: (**c**)
Solution:

പഠനറിപോർട്ട് അനുസരിച്ച് പസഫിക് സമുദ്രത്തിൽ ഏതാണ്ടു ഇരുനൂറ്റിഅറുപതോളം സ്പീഷിസുകൾ പ്ലാസ്റ്റിക്ക് മലിനീകരണ ഭീഷണിയിലാണ്.

13. പസഫിക് സമുദ്രത്തിന് ആ പേര് നൽകിയതാര് ?

(a) ആൽവാരേസ്
(b) ഇറാത്തോസ്തനീസ്
(c) കൊളംബസ്
(d) മഗല്ലൻ

Correct Choice: (**d**)
Solution:

ഒരു പോർച്ചുഗീസ് സഞ്ചാരിയായിരുന്നു ഫെർഡിനാന്റ് മഗല്ലൻ. വിഷമം പിടിച്ച ആ യാത്രയിൽ മഗല്ലന്റെ പര്യവേഷകസംഘം, തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിനു കുറുകേ തെക്കൻ അന്റാർട്ടിക്കിൽ നിന്ന് ശാന്തസമുദ്രത്തിലേക്കുള്ള മഗല്ലൻ കടൽപ്പാത കണ്ടെത്തി. എന്നാൽ ഫിലിപ്പീൻസിലെ സീബു ദ്വീപിന്റെ ഭരണാധികാരി മാക്ടാൻ ദ്വീപിലെ ശത്രുവിനെതിരെ നടത്തിയ യുദ്ധത്തിൽ പങ്കെടുത്ത മഗല്ലൻ കൊല്ലപ്പെട്ടു.

14. 1922 ൽ കിഴക്കൻ അയർലണ്ടിലെ 26 പ്രവിശ്യകൾ ഉൾപ്പെടുത്തി രൂപീകരിച്ച സ്റ്റേറ്റ് :

(a) ഐറിഷ് ഫ്രീ സ്റ്റേറ്റ്
(b) ജർമ്മനി
(c) യുണൈറ്റഡ് സ്റ്റേറ്റ്
(d) ഇസ്താംബൂൾ

Correct Choice: (**a**)

15. 'സുനാമി' എന്ന ജാപ്പനീസ് പദത്തിന്റെ അർത്ഥം :

(a) സീസ്മിക് തരംഗങ്ങൾ
(b) അഗ്നിപർവതം
(c) തുറമുഖ തിരകൾ
(d) പ്രകാശ തരംഗങ്ങൾ

Correct Choice: (**c**)
Solution:

കടലിലെയും മറ്റും ജലത്തിന്റ് വൻതോതിൽ സ്ഥാനചലനം സംഭവിക്കുമ്പോൾ ഉടലെടുക്കുന്ന ഭീമാകാരമായ തിരകളെയാണ് സുനാമി എന്നു വിളിക്കുന്നത്

16. ഫാസിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെ ജർമ്മനിയിലെ കിരാതരൂപം :

(a) കമ്മ്യൂണിസം
(b) നാസിസം
(c) സോഷ്യലിസം
(d) ഇവയൊന്നുമല്ല

Correct Choice: (**b**)
Solution:

ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമനിയിൽ രൂപംകൊണ്ട നാസിപ്രസ്ഥാനത്തിന്റെ വംശീയപ്രത്യയശാസ്ത്രം. തീവ്രവലതുപക്ഷരാഷ്ട്രീയത്തെയും വംശീയതയിലധിഷ്ഠിതമായ ദേശീയവാദത്തെയും സമന്വയിപ്പിക്കുന്ന ഫാസിസ്റ്റ്പ്രത്യയശാസ്ത്രമാണിത്. ലോകം ഭരിക്കാൻ യോഗ്യരായവരുടെ ഏകവംശം 'ജർമൻ ആര്യവംശ'മാണെന്നും യഹൂദരും കമ്യൂണിസ്റ്റുകാരുമുൾപ്പെടെ മറ്റെല്ലാ ജനവിഭാഗങ്ങളും ആശയങ്ങളും ആര്യവംശപുരോഗതിയുടെ 'ശത്രു'ക്കളാണെന്നും നാസിസം സിദ്ധാന്തിച്ചു. ജർമൻ ആര്യവംശത്തിന്റെ പുരോഗതിക്കും വംശശുദ്ധിക്കും വേണ്ടി ശത്രുവംശജനവിഭാഗങ്ങളുടെ ഉന്മൂലനത്തെ ദേശീയനയമായി പരസ്യമായി പ്രഖ്യാപിച്ച നാസിസം, വലതുപക്ഷ രാഷ്ട്രീയത്തെയും ഫാസിസത്തെയും കുറിച്ച് നിലനിൽക്കുന്ന സാമൂഹ്യശാസ്ത്ര നിർവചനങ്ങൾക്ക് വഴങ്ങുന്ന ഒരു പ്രതിഭാസമല്ല. നന്മ-തിന്മകളെക്കുറിച്ചുള്ള സാമാന്യമനുഷ്യധാരണകളെ അതിശയിച്ചു നില്ക്കുന്ന നാസിസത്തെ തിന്മയെയും കുറ്റകൃത്യത്തെയും കുറിച്ച് മനുഷ്യസാധ്യമായ സങ്കല്പങ്ങളുടെ പരിധിയിൽപ്പെടുത്താനാവില്ലെന്നാണ് രാഷ്ട്രീയചിന്തകയായ ഹന്ന അരന്റ് നിരീക്ഷിച്ചിട്ടുള്ളത്. കുറ്റകൃത്യങ്ങളെയും ശിക്ഷാവിധികളെയും കുറിച്ചുള്ള നിയമശാസ്ത്രനിർവചനങ്ങളുടെ പരിമിതിയിലേക്കാണ് നാസി കുറ്റകൃത്യങ്ങൾ വിരൽചൂണ്ടുന്നതെന്ന് വിഖ്യാതചിന്തകനായ കാൾ യാസ്പേഴ്സ് അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യരാശിക്കെതിരെ ചെയ്ത കൊടുംപാതകങ്ങളെക്കുറിച്ച് അപഗ്രഥിച്ചാൽ, നാസിസത്തെ ചരിത്രത്തിൽ സമാനതകളില്ലാത്തതും യുക്തിസഹമായ വിശദീകരണങ്ങൾകൊണ്ടു പൂർണമായി പ്രകാശിപ്പിക്കാനാവാത്തതുമായ 'തിന്മ'യെന്നു മാത്രമേ നിർവചിക്കാനാവൂ.

17. നാസി പാർട്ടി എന്നത് താഴെ കൊടുത്തിട്ടുള്ള ഏതിന്റെ ചുരുക്കെഴുത്താണ് ?

(a) നാഷണൽ ഡെമോക്രറ്റിക് പാർട്ടി
(b) നാഷണൽ ഡെമോക്രറ്റിക് അലയൻസ്
(c) നാഷണൽ സോഷ്യലിസ്റ്റ് ജർമ്മൻ വർക്കേഴ്സ് പാർട്ടി
(d) ഇവയൊന്നുമല്ല

Correct Choice: (**c**)
Solution:

1933 മുതൽ 1945 വരെ ജർമ്മനിയുടെ ചാൻസലറായിരുന്നു അഡോൾഫ് ഹിറ്റ്ലർ . 1934 മുതൽ 1945 വരെ ഹിറ്റ്ലർ ഫ്യൂറർ എന്ന് അറിയപ്പെട്ടു. ഓസ്ട്രിയയിൽ ജനിച്ച ജർമൻ രാഷ്ട്രീയപ്രവർത്തകനും നാഷണൽ സോഷ്യലിസ്റ്റ് ജർമ്മൻ വർക്കേഴ്സ് പാർട്ടിയുടെ (നാഷണാത്സോഷ്യലിസ്റ്റീഷ് ഡോയിഷ് ആർബീറ്റെർ പാർട്ടി - എൻ.എസ്.ഡി.എ.പി അല്ലെങ്കിൽ നാസി പാർട്ടി) തലവനും ആയിരുന്ന ഹിറ്റ്ലർ ആയിരുന്നു നാസി ജെർമ്മനിയുടേയും രണ്ടാം ലോകമഹായുദ്ധത്തിലെ യൂറോപ്പിന്റേയും ഹോളോകാസ്റ്റിന്റേയും കേന്ദ്രം. നാസിസത്തിന്റെ ഉപജ്ഞാതാവായി ഹിറ്റ്ലർ കരുതപ്പെടുന്നു.

ഒന്നാം ലോകമഹായുദ്ധത്തിൽ സൈനികനായി ഹിറ്റ്ലർ പങ്കെടുത്തിട്ടുണ്ട്. പിന്നീട് എൻ.എസ്.ഡി.എ.പിയുടെ മുൻരൂപമായിരുന്ന ജെർമൻ വർക്കേഴ്സ് പാർട്ടിയിൽ 1919ൽ ഹിറ്റ്ലർ അംഗമായി. 1921ൽ എൻ.എസ്.ഡി.എ.പിയുടെ തലവനുമായി. 1923 -ൽ ഹിറ്റ്ലർ ഭരണകൂടത്തെ പട്ടാള വിപ്ലവത്തിലൂടെ അട്ടിമറിക്കാൻ ശ്രമിച്ചു. ബീർ ഹാൾ പുഷ് എന്നറിയപ്പെട്ട ഈ അട്ടിമറി ശ്രമം പരാജയപ്പെട്ടു. പിടിയിലായ ഹിറ്റ്ലർ ജയിലിലടക്കപ്പെട്ടു. ജയിലിൽ വെച്ചാണ് ഹിറ്റ്ലർ തന്റെ ആത്മകഥയായ മെയ്ൻ കാംഫ് (എന്റെ പോരാട്ടം) എഴുതുന്നത്.

1924ൽ ജയിലിൽ നിന്ന് പുറത്തിറങ്ങിയ ശേഷം ഹിറ്റ്ലറുടെ ജനപിന്തുണ വർദ്ധിച്ചു. ഊർജ്ജിത പ്രഭാവത്തോടെയുള്ള പ്രസംഗങ്ങളിലൂടെ വേഴ്സായി ഉടമ്പടിയെ ആക്രമിച്ചും ജെർമ്മൻ ദേശീയത, കമ്യൂണിസ്റ്റ് വിരുദ്ധത, ജൂത വിരുദ്ധത എന്നിവയെ പ്രോത്സാഹിപ്പിച്ചുമാണ് ഹിറ്റ്ലർ ജനപ്രീതി വർദ്ധിപ്പിച്ചത്. ഇതിലൂടെ ഹിറ്റ്ലർ നാസി പ്രചാരണം ശക്തിപ്പെടുത്തി. 1933 -ൽ ചാൻസലറായി അവരോധിക്കപ്പെട്ട ശേഷം ഹിറ്റ്ലർ വെയ്മർ റിപ്പബ്ലിക്കിനെ (പുരാതന ജർമനി) മൂന്നാം സാമ്രാജ്യമായി മാറ്റി. നാസിസത്തിന്റെ ആശയസംഹിത പ്രകാരമായിരുന്നു ഹിറ്റ്ലർ ഇത് നടപ്പിലാക്കിയത്.

യൂറോപ്യൻ വൻകരയിൽ നാസി പാർട്ടിയുടെ ആധിപത്യത്തിലുള്ള ഒരു പുതിയ ഭരണക്രമം സ്ഥാപിക്കുക എന്നതായിരുന്നു ഹിറ്റ്ലറുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ജെർമ്മൻ ജനതക്ക് വാസസ്ഥലം ഒരുക്കുക (ലെബെൻസ്രോം) എന്ന ലക്ഷ്യം അയാളുടെ ദേശീയ, പ്രാദേശിക നയങ്ങളിലുണ്ടായിരുന്നു. 1939 -ലെ പോളണ്ട് അധിനിവേശത്തിലൂടെയാണ് തന്റെ ജെർമ്മൻ വിപുലീകരണം ഹിറ്റ്ലർ ആരംഭിക്കുന്നത്. ഈ സൈനിക നീക്കമാണ് രണ്ടാം ലോകമഹായുദ്ധത്തിന് കാരണമായത്. ഹിറ്റ്ലറുടെ കീഴിൽ 1941 -ൽ ജെർമ്മനിയും സഖ്യകക്ഷികളും യൂറോപ്പിന്റേയും വടക്കേ ആഫ്രിക്കയുടേയും ഭൂരിഭാഗവും കൈക്കലാക്കി. എന്നാൽ 1943 ആയപ്പോഴേക്കും ഹിറ്റ്ലറിന് തുടർച്ചയായ പരാജയങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നു. യുദ്ധത്തിന്റെ അവസാന ദിനങ്ങൾക്കിടയിൽ, ബെർലിൻ യുദ്ധത്തിനിടയിൽ ഹിറ്റ്ലർ തന്റെ ദീർഘകാല ജീവിതപങ്കാളി ഇവ ബ്രൗണിനെ വിവാഹം ചെയ്തു. രണ്ടു ദിവസത്തിനു ശേഷം 1945 ഏപ്രിൽ 30ന് ചെമ്പട പിടിക്കപ്പെടുന്നത് ഒഴിവാക്കാൻ ഹിറ്റ്ലറും ഇവാ ബ്രൗണും ആത്മഹത്യ ചെയ്തു. അവരുടെ ശവശരീരങ്ങൾ പിന്നീട് കത്തിക്കപ്പെട്ടു.

ഹിറ്റ്ലറിന്റെ സ്വേച്ഛാധിപത്യപരവും വംശീയ യഥാസ്ഥിതികത്വവും രണ്ടാം ലോകമഹായുദ്ധകാലത്ത് അഞ്ച് കോടിയോളം പേരുടെ ജീവനപഹരിച്ചു. ഇതിൽ ആറ് ദശലക്ഷം ജൂതന്മാരും അഞ്ച് ദശലക്ഷം അനാര്യന്മാരും ഉണ്ടായിരുന്നു. ഇവരുടെ വ്യവസ്ഥാപിതമായ ഉന്മൂലനത്തിന് നേതൃത്വം നൽകിയത് ഹിറ്റ്ലറും അടുത്ത കൂട്ടാളികളുമായിരുന്നു. ലോക ചരിത്രത്തെ ഏറ്റവും സ്വാധീനിച്ച നൂറ് വ്യക്തികളുടെ ഹ്രസ്വ ചരിത്രമായ ദ ഹൻഡ്രഡ് എന്ന പേരിൽ മൈക്കിൾ ഹാർട്ട് 1978 -ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ മുപ്പത്തി ഒമ്പതാം സ്ഥാനം ഹിറ്റ്ലർക്കാണ്. ചാർളി ചാപ്ലിന്റെ ദ ഗ്രേറ്റ് ഡിക്ടേറ്റർ എന്ന ചലച്ചിത്രം ഹിറ്റ്ലറുടെ അധികാരത്വര ലോകത്തെ ആകമാനം നശിപ്പിക്കുന്നതിനെപ്പറ്റിയുള്ളതാണ്.

18. സമുദ്രത്തിന്റെ ഏത് ഭാഗത്താണ് വേലിയേറ്റം ഉണ്ടാകുന്നത് ?

(a) ചന്ദ്രനെ അഭിമുഖീകരിക്കുന്ന ഭാഗത്തുനിന്നും ഏകദേശം 90 ഡിഗ്രി കോണിയ സ്ഥലങ്ങളിൽ
(b) ചന്ദ്രനെയും സൂര്യനെയും അഭിമുഖീകരിക്കുന്ന സമുദ്രഭാഗം
(c) സൂര്യനെ അഭിമുഖീകരിക്കുന്ന സമുദ്രഭാഗം
(d) ചന്ദ്രനെ അഭിമുഖീകരിക്കുന്ന സമുദ്രഭാഗം

Correct Choice: (**b**)

Solution:

ചന്ദ്രന്റേയും സൂര്യന്റേയും ഗുരുത്വാകർഷണഫലായി ഉണ്ടാകുന്ന പ്രതിഭാസമാണ് വേലിയേറ്റം. ദിവസേന രണ്ട് തവണ വേലിയേറ്റഫലമായി സമുദ്രജലം ഉയരുന്നു. ഏറ്റവും ശക്തിയേറിയ വേലിയേറ്റങ്ങൾ അമാവാസി, പൗർണ്ണമി ദിവസങ്ങളിലാണ് അനുഭവപ്പെടുന്നത്.

19. തീരാതടവും തീരാശിഖിരവും തമ്മിലുള്ള ലംബദൂരം :

(a) തീരാദൈർഘ്യം
(b) ആവൃത്തി
(c) ഉന്നതി
(d) സമദൂരം

Correct Choice: (**c**)
Solution:

തിരമാലകൾ സാധാരണയായി കാറ്റ് മൂലമുണ്ടാകുന്നു., ഭൂമിയിൽ സൂര്യനും ചന്ദ്രനും തമ്മിലുള്ള ഗുരുത്വാകർഷണ ശക്തിയും തിരമാലകൾക്കു കാരണമാകുന്നു

20. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ചാന്നാർ സ്ത്രീകൾക്ക് മാറ് മറയ്ക്കാൻ ഉള്ള അവകാശം നൽകിയ ദിവാൻ ആരാണ്?

(a) കേണൽ മൺറോ
(b) ദിവാൻ വെങ്കിട്ടറാവു
(c) സർ ചാൾസ് ട്രവലിയൻ
(d) ജനറൽ കല്ലൻ

Correct Choice: (**a**)
Solution:

★ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ചാന്നാർ സ്ത്രീകൾക്ക് മാറ് മറയ്ക്കാൻ ഉള്ള അവകാശം നൽകിയ ദിവാൻ- കേണൽ മൺറോ
★ ചാന്നാർ കലാപം 1822 മുതൽ 1859 വരെ തുടർന്നു

21. 1945– ൽ സോവിയറ്റ് സേന ഉപരോധിച്ച ജർമ്മൻ തലസ്ഥാനം ഏത് ?

(a) ബെർലിൻ
(b) മോസ്കോ
(c) ന്യൂയോർക്ക്
(d) പെട്രോഗ്രാഡ്

Correct Choice: (**a**)
Solution:

ജർമ്മനിയുടെ തലസ്ഥാനമാണ് ബെർലിൻ . കൂടാതെ ജർമ്മനിയിലെ ഏറ്റവും വലിയ പട്ടണം കൂടിയാണിത്. സ്പ്രീ, ഹോവൽ എന്നീ നദികളുടെ സമീപത്തായി 889 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ ഏകദേശം 3.5 ലക്ഷം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. ജർമ്മനിയിലെ 16 സംസ്ഥാനങ്ങളിൽ ഒന്നാണ് ബെർലിൻ.

22. ഐക്യരാഷ്ട്ര സംഘടനയുടെ ഭരണനിർവ്വഹണ ഘടകമാണ് :

(a) പൊതുസഭ
(b) രക്ഷാ സമിതി
(c) സെക്രട്ടറിയേറ്റ്
(d) അന്താരാഷ്ട്ര നീതിന്യായ കോടതി

Correct Choice: (**c**)
Solution:

ഐക്യരാഷ്ട്രസഭ (United Nations-Nations Unies) രാജ്യാന്തരസഹകരണം ലക്ഷ്യമാക്കി രണ്ടാം ലോകമഹായുദ്ധാശേഷം രൂപീകൃതമായ പ്രസ്ഥാനമാണ്. യു. എൻ(UN) എന്ന ചുരുക്കപ്പേരിലും അറിയപ്പെടുന്നു. ലോകസമാധാനം, സാമ്പത്തികവികസനം, സാമൂഹിക സമത്വം എന്നിവയാണ് രാജ്യങ്ങൾ തമ്മിലുള്ള സഹകരണത്തിലൂടെ ഐക്യരാഷ്ട്രസഭ ലക്ഷ്യമാക്കുന്നത്. 1945-ൽ 51 അംഗങ്ങളുമായി തുടക്കം കുറിച്ച് ഈ പ്രസ്ഥാനത്തിൽ ഇന്ന് 193 അംഗരാജ്യങ്ങളുണ്ട്. ഐക്യരാഷ്ട്രസഭയുടെ മുഖ്യ ഭരണാധികാരിയാണ് സെക്രട്ടറി ജനറൽ, അദ്ദേഹത്തെ സഹായിക്കാൻ അണ്ടർ സെക്രട്ടറി, ജനറൽമാർ, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ എന്നിവരുണ്ട്. നിലവിലെ സെക്രട്ടറി ജനറൽ - അന്റോർണിയോ ഗുട്ടറസ്സ് (പോർച്ചുഗൽ)

23. സ്വയം ഭരണം ഇല്ലാത്ത പ്രദേശങ്ങളുടെ ഭരണനിർവ്വഹണത്തിനുള്ള ഘടകമാണ് :

(a) ട്രസ്റ്റിഷിപ്പ് കൗൺസിൽ
(b) രക്ഷാ സമിതി
(c) പൊതുസഭ
(d) സാമ്പത്തിക–സാമൂഹിക സമിതി

Correct Choice: (**a**)

Solution:

ഐക്യരാഷ്ട്ര സഭയ്ക്ക് ആറ് ഭരണ നിർവഹണ ഘടകങ്ങളാണുള്ളത്. ജനറൽ അസംബ്ലി, സെക്യൂരിറ്റി കൗൺസിൽ, ഇക്കണോമിക് ആൻഡ് സോഷ്യൽ കൗൺസിൽ, ട്രസ്റ്റിഷിപ്പ് കൗൺസിൽ, ഇന്റർനാഷണൽ കോർട്ട് ഒഫ് ജസ്റ്റിസ്, സെക്രട്ടേറിയറ്റ് എന്നിവ. ഇതിൽ ട്രസ്റ്റിഷിപ്പ് കൗൺസിൽ 1994 മുതൽ പ്രവർത്തനരഹിതമായി.

ട്രസ്റ്റിഷിപ്പ് കൗൺസിൽ1945-ൽ രൂപീകൃതമായ ട്രസ്റ്റിഷിപ്പ് കൗൺസിലിന്റെ ലക്ഷ്യം ട്രസ്റ്റ് പ്രദേശങ്ങളുടെ ഭരണവും നിയമാനുസൃതമായ പരിപാലനവും ലക്ഷ്യമാക്കിയുള്ള നടപടികളാണ്. രണ്ടാം ലോകയുദ്ധത്തിൽ തോല്പിക്കപ്പെട്ട ചില രാഷ്ട്രങ്ങളിൽ നിന്ന് ഏറ്റെടുത്ത പ്രദേശങ്ങളും ലീഗ് ഒഫ് നേഷൻസിനു കീഴിലുണ്ടായിരുന്ന പ്രദേശങ്ങളും ട്രസ്റ്റ് ടെറിട്ടറികൾ എന്നാണ് വിളിക്കപ്പെട്ടിരുന്നത്.

ഇത്തരം പ്രദേശങ്ങളിൽ നിവസിക്കുന്നവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിലും അന്തർദേശീയ സുരക്ഷയുടെയും സമാധാനത്തിന്റെയും തത്ത്വങ്ങൾ അനുസരിച്ചുമുള്ള ഭരണ നിർവഹണം നടക്കുന്നു എന്നുറപ്പുവരുത്തുകയാണ് ട്രസ്റ്റിഷിപ്പ് കൗൺസിൽ ചെയ്യുന്നത്. ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസമുന്നേറ്റത്തെയും സ്വയം ഭരണത്തിലേക്കോ സ്വാതന്ത്ര്യത്തിലേക്കോ ഉള്ള അവരുടെ പ്രയാണത്തെയും പ്രോത്സാഹിപ്പിക്കുക, വർണ ലിംഗ ഭാഷാ മത വിവേചനമെന്യേ യു.എന്നിലെ എല്ലാ അംഗങ്ങളോടും അവയിലെ ജനതകളോടും ഒരേ പെരുമാറ്റം ഉറപ്പു വരുത്തുക എന്നിവയാണ് ട്രസ്റ്റിഷിപ്പ് സംവിധാനത്തിലെ മൗലിക തത്ത്വങ്ങൾ. ട്രസ്റ്റ് രാജ്യങ്ങളിൽ നിരീക്ഷക സമിതികളെ അയക്കുക, പരാതികൾ സ്വീകരിക്കുകയും പരിശോധിക്കുകയും ചെയ്യുക, ട്രസ്റ്റ് ഭരണാധികാരികൾ സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ടുകൾ പരിഗണിക്കുക, ഈ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലെല്ലാം ശിപാർശകൾ നൽകുക തുടങ്ങിയവയെല്ലാം ട്രസ്റ്റിഷിപ്പ് കൗൺസിലിന്റെ ചുമതലയിൽപെടുന്നു. ട്രസ്റ്റിഷിപ്പ് കൗൺസിൽ രൂപീകൃതമായതിനെത്തുടർന്ന് 11 പ്രദേശങ്ങളാണ് ട്രസ്റ്റ് ടെറിട്ടറികളായി പ്രഖ്യാപിക്കപ്പെട്ടത്.

ഇവയിൽ ഏഴും ആഫ്രിക്കയിലായിരുന്നു. ഇത്തരം പ്രദേശങ്ങളൊന്നും ഇന്നു നിലവിലില്ല. സമീപസ്ഥമായ സ്വതന്ത്ര രാജ്യങ്ങളിൽ ലയിക്കുകയോ സ്വതന്ത്ര രാജ്യങ്ങളായി മാറുകയോ ചെയ്തിരിക്കയാണ് അവയെല്ലാം. ഏറ്റവും ഒടുവിൽ നിലനിന്നിരുന്ന ട്രസ്റ്റ് ടെറിട്ടറിയായ പലാവു 1994-ൽ സ്വതന്ത്രരാജ്യമായി. ഇതോടെ ട്രസ്റ്റിഷിപ്പ് കൗൺസിൽ പ്രവർത്തനരഹിതമായി.

24. വൻകര വിസ്ഥാപനം എന്ന ആശയത്തിന് ശാസ്ത്രീയ പരിവേഷം നല്കിയത് ആരാണ് ?

(a) എഡ്വേഡ് സ്യൂയസ്

(b) പെല്ലിഗ്രിനി

(c) ആൽഫ്രെഡ് വെഗ്നർ

(d) ഫ്രാൻസിസ് ബേക്കൺ

Correct Choice: (**c**)

Solution:

ജർമ്മൻകാരനായ ഒരു ധ്രുവ പര്യവേക്ഷകനും ഭൗമശാസ്ത്രജ്ഞനുമാണ് ആൽഫ്രഡ് ലോഥർ വാഗ്നർ .ഫലകചലനസിദ്ധാന്തം എന്ന എഫ്.ബി. ടെയ്ലറുടെ ആശയം സ്വതന്ത്രമായും പരിപൂർണ്ണമായും ആവിഷ്കരിച്ചത് ഇദ്ദേഹമാണ്. തുടക്കത്തിൽ വലിയ തർക്കങ്ങൾ ഉന്നയിക്കപ്പെട്ടെങ്കിലും ഭൗമകാന്തിക മേഖലയിൽ ഉണ്ടായ മുന്നേറ്റങ്ങൾ പിൽക്കാലത്ത് ഈ വാദഗതി സമർത്ഥിക്കുകയും ഇന്നത്തെ പ്ലേറ്റ് ടേക്ടോണിക്ക് ആശയത്തിന് അടിസ്ഥാനമിടുകയും ചെയ്തു. 1915 ൽ പ്രസിദ്ധീകരിച്ച ഓൺ ദി ഒറിജിൻ ഓഫ് കോണ്ടിനെന്റ്സ് ആൻഡ് ഓഷൻസ് എന്ന പുസ്തകത്തിലാണ് ഈ ആശയം അവതരിപ്പിക്കപ്പെട്ടത്. അന്തരീക്ഷവിജ്ഞാനശാഖയ്ക്ക് ഇദ്ദേഹം വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ട്.

25. ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ദക്ഷിണാർദ്ധഗോളത്തിൽ സ്ഥിതി ചെയ്തിരുന്ന വൻകര ഏത് ?

(a) പന്തലാസ

(b) ഗ്വോണ്ട്വാനാലാൻഡ്

(c) ലോറേഷ്യ

(d) പാൻജിയ

Correct Choice: (**b**)

Solution:

ഏകദേശം 180 million വര്ഷങ്ങള്ക്കു മുൻപ് ആണ് ഇത് നിലനിന്നിരുന്നത്

26. പാൻജിയയെ വലയം ചെയ്തിരുന്ന പ്രാചീന സമുദ്രം ഏത് ?

(a) പാറ്റഗോണിയ

(b) പസഫിക്

(c) പന്തലാസ

(d) ടയാസിക്

Correct Choice: (**c**)

Solution:

● ഇന്നു നിലവിലുള്ള ഭൂഖണ്ഡങ്ങളെല്ലാം കൂടിച്ചേർന്ന അവസ്ഥയിൽ 250 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ നിലവിലുണ്ടായിരുന്ന് ബൃഹദ്ഭൂഖണ്ഡത്തെയാണ് പാൻജിയ എന്ന് വിളിക്കുന്നത്.
● അതിനെ ചുറ്റിയിരുന്ന സമുദ്രത്തിൻ പന്തലാസ്സ എന്നാണ് പേർ കൊടുത്തിരിക്കുന്നത്.
● ലോവർ മാന്റിലിന്റെ ഉപരിതലത്തിലൂടെ വൻ കരകൾ ഉൾപ്പെടുന്ന സിയാൽ മണ്ഡലം തെന്നിമാറുന്നു എന്ന് പ്രസ്താവിക്കുന്ന സിദ്ധാന്തമാണ് വൻകര വിസ്ഥാപന സിദ്ധാന്തം.
● വൻകര വിസ്ഥാപന സിദ്ധാന്തം എന്ന ആശയം മുന്നോട്ടുവച്ചത് 1858ൽ അന്തോണിയോസ് പെല്ലിഗ്രിനി എന്ന അമേരിക്കകാരൻ ആണ്.
● എന്നാൽ വൻകര വിസ്ഥാപന സിദ്ധാന്തം ആവിഷ്കരിച്ചത് ആൽഫ്രഡ് വേഗനർ എന്ന ജർമ്മനികാരനും.
● വൻകര വിസ്ഥാപന സിദ്ധാന്തം വേഗനർ ആദ്യമായി 1912ൽ ഫ്രാങ്ക്ഫർട്ട് ഭൂവിജ്ഞാന സംഘടനയുടെ യോഗത്തിൽ അവതരിപ്പിച്ചു.
● വൻകരകളുടേയും സമുദ്രങ്ങളുടേയും സ്ഥാനമാറ്റം, പരിണാമം എന്നിവയെ കുറിച്ച് പ്രതിപാദിക്കുന്ന സിദ്ധാന്തങ്ങളാണ് വൻകര വിസ്ഥാപന സിദ്ധാന്തം,ഫലകചലനസിദ്ധാന്തം എന്നിവ.വൻകരവിസ്ഥാപന സിദ്ധാന്തമനുസരിച്ച് ലോകത്തിലെ ആദ്യ ഭൂഖണ്ഡമാണ് പാൻജിയ. മാതൃഭൂഖണ്ഡം എന്ന പേരിലും അറിയപ്പെടുന്നു.
● പാൻജിയയെ ചുറ്റി ഉണ്ടായിരുന്ന മഹാസമുദ്രമാണ് പന്തലാസ.
● പാൻജിയ രണ്ടായി വിഭജിച്ചിരുന്ന സമുദ്രം തെഥിസ് എന്ന് വിളിക്കുന്നു.
● പാൻജിയ വേർപെട്ടു ഉണ്ടായ ഭൂഖണ്ഡങ്ങൾ ആണ് ലൗറേഷ്യ, ഗോണ്ടാനാലാൻഡ് എന്നിവ.
● ആ പേര് നൽകിയത് എഡേർഡ് സൂയസ് ആണ്. ഗോണ്ടാനാലാൻഡ് പൊട്ടിപ്പിളർന്നു ഉണ്ടായ ഇന്നത്തെ ഭൂഖണ്ഡങ്ങൾ ആണ് തെക്കേ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയ, ഏഷ്യ എന്നിവ.
●ലൗറേഷ്യ പൊട്ടിപിളർന്നു ഉണ്ടായ ഭൂഖണ്ഡങ്ങള് വടക്കേ അമേരിക്ക യുറേഷ്യ അല്ലെങ്കിൽ യൂറോപ് എന്ന് പറയുന്നത്.

27. ഏത് സമ്മേളനത്തിന്റെ തീരുമാനമനുസരിച്ചാണ് ജർമ്മനി വിഭജിക്കപ്പെട്ടത് ?

(a) യാട്ടാ സമ്മേളനം
(b) മോസ്കോ സമ്മേളനം
(c) സാൻഫ്രാൻസിസ്കോ സമ്മേളനം
(d) പോട്സ് ഡാം സമ്മേളനം

Correct Choice: (**d**)
Solution:

ജർമ്മനിയിൽ പോട്ട്സ്ഡാം രാജകീയ കുടുംബത്തിലെ വിൽഹെംസിന്റെ വസതിയായ സെസില്ലൻഹോഫിൽ വച്ച് 1945ജൂലൈ 17 മുതൽ ഓഗസ്റ്റ് 2, വരെ നയിച്ച സമ്മേളനമാണ് പോട്ട്സ്ഡാം കോൺഫറൻസ് (ജർമൻ: പോട്ട്സ്ഡാമർ കോൺഫറൻസ്) (Potsdam Conference). (പഴയ രേഖകളിൽ ഇത് യു.എസ്.എസ്.ആർ., യു.എസ്.എസ്, യു.കെ എന്നിവയുടെ മൂന്നു തലങ്ങളിലെ ബെർലിൻ സമ്മേളനം എന്നും അറിയപ്പെടുന്നു. ) സോവിയറ്റ് യൂണിയൻ, യുണൈറ്റഡ് കിംഗ്ഡം, അമേരിക്കൻ ഐക്യനാട്ടുകൾ എന്നീ രാജ്യങ്ങൾ പങ്കെടുക്കുകയും കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി ജോസഫ് സ്റ്റാലിൻ, പ്രധാന മന്ത്രിമാരായ വിൻസ്റ്റൺ ചർച്ചിൽ, പിന്നീട് ക്ലെമെന്റ് ആറ്റ്ലി, പ്രസിഡന്റ് ഹാരി എസ്. ട്രൂമാൻ എന്നിവർ പ്രതിനിധികളും ആയിരുന്നു.

28. ചൈനയിലെ ആഭ്യന്തര യുദ്ധത്തിൽ പങ്കെടുത്ത സന്നദ്ധ സംഘം ഏത് ?

(a) ചെങ്കുപ്പായക്കാർ
(b) ബ്രൗൺ ഷർട്സ്
(c) ജനകീയ വിമോചന സേന
(d) ഇതൊന്നുമല്ല

Correct Choice: (**c**)
Solution:

ജനകീയ വിമോചന സേന അല്ലെങ്കിൽ പീപ്പിൾസ് ലിബറേഷൻ ആർമി എന്നും അറിയപ്പെടുന്നു. ജനകീയ വിമോചന സേനയാണ് ഇന്നത്തെ ചൈനയുടെ സേനയായി രൂപാന്തരപ്പെട്ടത് .

29. ചൈന ജനകീയ റിപ്പബ്ലിക് ആയ വർഷം :

(a) 1911
(b) 1916
(c) 1946
(d) 1949

Correct Choice: (**d**)
Solution:

ചൈന

★ ജനസംഖ്യ ഏറ്റവും കൂടുതൽ ഉള്ള രാജ്യം
★ ഏഷ്യയിലെ ഭീമൻ എന്നറിയപ്പെടുന്ന രാജ്യം
★ ലോകത്തിൽ ഏറ്റവും കൂടുതൽ അധ്യയന ദിവസങ്ങൾ ഉള്ള രാജ്യം
★ ലോകത്ത് ആദ്യമായി സിവിൽ സർവീസ് ആരംഭിച്ച രാജ്യം
★ ലോകത്ത് ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ള നിയമ നിർമാണ സഭയുള്ള രാജ്യം
★ ഏറ്റവും വലിയ റെയിൽവേ ഉള്ള ഏഷ്യൻ രാജ്യം
★ ഐക്യ രാഷ്ട്ര സഭയിൽ സ്ഥിരഅംഗത്വം ഉള്ള ഏക ഏഷ്യൻ രാജ്യം
★ കടലാസ്,വെടിമരുന്ന്,ഭൂകമ്പമാപിനി,തേയില എന്നിവ ആദ്യമായി ഉപയോഗിച്ചത് - ചൈനക്കാർ
★ ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ - ചൈനീസ്(മൻഡാരിൻ)
★ ഏറ്റവും കൂടുതൽ കര അതിർത്തിയുള്ള രാജ്യം

30. ഊതി വീർപ്പിച്ച ഒരു ബലൂൺ അല്പസമയം വെയിലത്ത് വച്ചാൽ അത് വികസിക്കുകയും പിന്നീട് പൊട്ടുകയും ചെയ്യുന്നു ഇതുമായി ബന്ധപ്പെട്ട വാതകനിയമം എന്ത് ?

(a) ചാൾസ് നിയമം
(b) അവഗാഡ്രോ നിയമം
(c) ജൂൾസ് നിയമം
(d) ബോയിൽ നിയമം

Correct Choice: (**a**)
Solution:

വാതക നിയമങ്ങളിൽ ഒന്നാണ് ചാൾസ് നിയമം. ഇതിനെ താഴെപ്പറയും വിധം നിർവചിച്ചിരിക്കുന്നു: "സ്ഥിരമർദ്ദത്തിൽ ഒരു നിശ്ചിത പിണ്ഡം വാതകത്തിന്റെ വ്യാപ്തം കെൽവിൻ സ്കെയിലിലുള്ള ഊഷ്മാവിന് നേർ ആനുപാതികമാണ്. "

1802-ൽ ജോസഫ് ലൂയിസ് ഗേ ലൂസാക് എന്ന രസതന്ത്രജ്ഞനാണ് ഈ നിയമം ആദ്യമായി പ്രസിദ്ധീകരിച്ചത്. എന്നാൽ 1787-ൽ ജാക്വസ് ചാൾസ് നടത്തിയ പഠനങ്ങളെ അദ്ദേഹം പ്രമാണമായി സ്വീകരിച്ചിരുന്നു. അതിനാൽ നിയമത്തിന്റെ ഉപജ്ഞാതാവായി ചാൾസാണ് അറിയപ്പെടുന്നത്. ബോയിൽ നിയമം, ചാൾസ് നിയമം, ഗേ ലൂസാക് നിയമം എന്നിവചേർന്നാണ് സംയോജിത വാതക നിയമം ഉണ്ടാകുന്നത്. ഈ മൂന്ന് നിയമങ്ങളും അവഗാഡ്രോ നിയമവും ചേർന്നതാണ് ആദർശ വാതക നിയമം.

31. ഒരു ലെൻസിന്റെ പവർ 2D എന്ന് രേഖപ്പെടുത്തിയിരിക്കുന്നു, ഈ ലെൻസിനെ സംബന്ധിച്ച് ശരിയായ പ്രസ്താവന എന്ത് ?

(a) 50 സെ.മീ ഫോക്കസ് ദൂരമുള്ള കോൺകേവ് ലെൻസ്
(b) 200 സെ.മീ ഫോക്കസ് ദൂരമുള്ള കോൺകേവ് ലെൻസ്
(c) 50 സെ.മീ ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ്
(d) 200 സെ.മീ ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ്

Correct Choice: (**c**)
Solution:

ലെൻസിന്റെ പവർ:ഒരു ലെൻസിൽ പതിക്കുന്ന പ്രകാശരശ്മികളെ കേന്ദ്രീകരിക്കാൻ.
വികേന്ദ്രീകരിക്കുവാനുള്ള ലെൻസിന്റെ കഴിവിനെയാണ് ലെൻസിന്റെ പവർ എന്ന് പറയുന്നത്.
ഫോക്കസ് ദൂരം = 1000 / ഡയോപ്റ്റർ mm

32. നീളം അളക്കുന്നതിന് ഉപയോഗിക്കുന്ന യൂണിറ്റുകളാണ് താഴെ തന്നിരിക്കുന്നത്, ഇവയിൽ ഏറ്റവും വലിയ യൂണിറ്റ് ഏത് ?

(a) നാനോമീറ്റർ
(b) പാർസെക്
(c) പ്രകാശ വർഷം
(d) അസ്ട്രോണമിക്കൽ യൂണിറ്റ്

Correct Choice: (**b**)
Solution:

നക്ഷത്രങ്ങളിലേക്കും ഗാലക്സികളിലേക്കും ഒക്കെയുള്ള ദൂരം സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഒരു ഏകകമാണ് പാർസെക് (Parsec). ഇത് പ്രകാശ വർഷത്തിലും വലിയ ഏകകം ആണ്.

33. ബ്രൗൺ എനർജി എന്ന വിഭാഗത്തിൽ വരുന്ന ഊർജ്ജസ്രോതസ്സാണ് ___.

(a) സൗരോർജ്ജം
(b) ആണവനിലയം
(c) ജലതരംഗോർജ്ജം
(d) കാറ്റാടി

Correct Choice: (**b**)
Solution:

ബ്രൗൺ എനർജി: എണ്ണ അല്ലെങ്കിൽ കൽക്കരി പോലുള്ള പരമ്പരാഗത ഫോസിൽ ഇന്ധനങ്ങളിൽ നിന്നുള്ള ഉർജ്ജമാണ് ബ്രൗൺ എനർജി. ഈ ഇന്ധനങ്ങളിൽ നിന്നുള്ള ജ്വലനം പരിസ്ഥിതിയിലേക്ക് ദോഷകരമായ രീതിയിൽ ബാധിക്കുന്നു.

34. വൈദ്യുത കാന്തങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത് ___ ആണ്.

(a) അൽനിക്കോ
(b) ഉരുക്ക്
(c) വാർപ്പിരുമ്പ്
(d) പച്ചിരുമ്പ്

Correct Choice: (**a**)
Solution:

വൈദ്യുത പ്രവാഹത്തിലൂടെ കാന്തിക സ്വഭാവം കൈവരിക്കുന്ന തരം കാന്തങ്ങളാണ് വൈദ്യുത കാന്തങ്ങൾ. വൈദ്യുത പ്രവാഹം നിലക്കുന്നതോടെ ഇവയുടെ കാന്തിക ക്ഷേത്രം അപ്രത്യക്ഷമാകുന്നു.

വൈദ്യുതി സംവഹിക്കുന്ന ഒരു ചാലകം അതിനു ചുറ്റും ഒരു കാന്തിക ക്ഷേത്രം സൃഷ്ടിക്കുന്നു. ഇത് ഒരു ലളിതമായ വൈദ്യുത കാന്തമായി കണക്കാക്കാം. ഇങ്ങനെയുണ്ടാകുന്ന കാന്തിക ക്ഷേത്രത്തിന്റെ അളവ് പ്രവഹിക്കുന്ന വൈദ്യുതിയുടെ അളവിന് നേർ അനുപാതത്തിലായിരിക്കും. ഒരു ഫെറോ മാഗ്നറ്റിക് പദാർത്ഥം(ഉദാ:ഇരുമ്പ്) കൊണ്ട് നിർമ്മിച്ച കോർ ചുരുളിനുള്ളിൽ വച്ചാൽ കൂടുതൽ ശക്തിയുള്ള കാന്തിക ക്ഷേത്രം നിർമ്മിക്കാൻ സാധിക്കും. ഫെറോമാഗ്നറ്റിക് പദാർത്ഥത്തിന്റെ ഉയർന്ന കാന്തിക പെർമിയബിലിറ്റി μ, കാന്തിക ക്ഷേത്രത്തെ ആയിരക്കണക്കിന് മടങ്ങ് വർദ്ധിപ്പിക്കുന്നു. വൈദ്യുത കാന്തത്തിൻറെ കാന്തശക്തി വർദ്ധിപ്പിക്കാൻ ഉള്ള മാർഗ്ഗങ്ങൾ സോളിനോയിഡിനുള്ളിൽ പച്ചിരുമ്പ് കോർ വയ്ക്കുക,കമ്പി ചുറ്റുകളുടെ എണ്ണം കൂട്ടുക,വൈദ്യുത പ്രവാഹ തീവ്രത കൂട്ടുക.

35. താഴെ കൊടുത്തിരിക്കുന്നവയിൽ ഒരേ എണ്ണം തന്മാത്രകൾ ഉള്ളവ ഏതെല്ലാം ? 1) 36 ഗ്രാം ജലം; 2) 32 ഗ്രാം ഓക്സിജൻ; 3) 34 ഗ്രാം അമോണിയ; 4) 45 ഗ്രാം ഗ്ലൂക്കോസ്

(a) 1 ഉം 2 ഉം
(b) 2 ഉം 3 ഉം

(c) 3 ഉം 4 ഉം

(d) 1 ഉം 3 ഉം

Correct Choice: (**d**)
Solution:

(1) 36 ഗ്രാം ജലം
ഒരു തന്മാത്രയുടെ ഭാരം = $16 + 2 \times 1$ = 18 ഗ്രാം
തന്മാത്രകളുടെ എണ്ണം = $\frac{36}{18} = 2$

(2) 32 ഗ്രാം ഓക്സിജൻ
ഒരു തന്മാത്രയുടെ ഭാരം = $32$ ഗ്രാം
തന്മാത്രകളുടെ എണ്ണം = $\frac{32}{32} = 1$

(3) 34 ഗ്രാം അമോണിയ
ഒരു തന്മാത്രയുടെ ഭാരം = $14 + 3 \times 1 = 17$ ഗ്രാം
തന്മാത്രകളുടെ എണ്ണം = $\frac{34}{17} = 2$

(4) 45 ഗ്രാം ഗ്ലൂക്കോസ്
ഒരു തന്മാത്രയുടെ ഭാരം = $6 \times 12 + 12 \times 1 + 6 \times 16 = 180$ ഗ്രാം
തന്മാത്രകളുടെ എണ്ണം = $\frac{45}{180} = \frac{1}{4}$

36. താഴെ കൊടുത്തിട്ടുള്ളവയിൽ ജലത്തിന് സ്ഥിരകാഠിന്യം നൽകുന്ന രാസവസ്തു ഏതാണ് ?

(a) സോഡിയം ക്ലോറൈഡ്

(b) സോഡിയം കാർബണേറ്റ്

(c) കാൽസ്യം സൾഫേറ്റ്

(d) കാൽസ്യം കാർബണേറ്റ്

Correct Choice: (**c**)
Solution:

കാൽസ്യം സൾഫേറ്റ് CaSO4
കാൽസ്യത്തിന്റെ സൾഫർ സംയുക്തമാണിത്. ജിപ്സം പ്രകൃതിയിൽ കാണപ്പെടുന്ന കാൽസ്യം സൾഫേറ്റ് നിക്ഷേപമാണ്. ജലത്തിന് സ്ഥിരകാഠിന്യം നൽകുന്നതിൽ പ്രധാനിയാണ് കാൽസ്യം സൾഫേറ്റ്. പ്ലാസ്റ്റർ ഓഫ് പാരീസ് കാൽസ്യം സൾഫേറ്റിന്റെ മറ്റൊരു രൂപമാണ്. ജിപ്സത്തെ ചൂടാക്കി അതിലെ ജലത്തിന്റെ അംശം കുറച്ചാണ് പ്ലാസ്റ്റർ ഓഫ് പാരീസ് നിർമ്മിക്കുന്നത്. പ്രതിമകളുടെ നിർമ്മാണത്തിനും വൈദ്യരംഗത്ത് ബാൻഡേജ് ഇടാനും എല്ലാം പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിക്കുന്നു.

37. $R_{17}^{35}$ ഒരു മൂലകത്തെ സൂചിപ്പിക്കുന്നു. ഇതിന്റെ ആറ്റത്തിലുള്ള ന്യൂട്രോണുകളുടെ എണ്ണം എത്ര ?

(a) 18

(b) 52

(c) 17

(d) 35

Correct Choice: (**a**)
Solution:

മുകളിൽ വലത് വശത്തെ നമ്പർ (35) ന്യൂട്രോണുകളുടെയും പ്രോട്ടോണുകളുടെയും ആകെ എണ്ണം പ്രതിനിധീകരിക്കുന്നു. താഴെത്തെ വലത് വശത്തെ നമ്പർ (17 ) ഇലക്ട്രോണുകളുടെയോ പ്രോട്ടോണുകളുടെയോ എണ്ണം പ്രതിനിധീകരിക്കുന്നു.

അപ്പോൾ നമുക്ക് കണ്ടുപിടിക്കേണ്ടത് ന്യൂട്രോണുകളുടെ മാത്രം എണ്ണം ആണ്

അതുകൊണ്ട് 35-17 =18

38. വ്യാവസായികമായി സൾഫ്യൂരിക് ആസിഡ് നിർമ്മിക്കുമ്പോൾ ഉപയോഗിക്കുന്ന ഉൽപ്രേരകം ഏത് ?

(a) വനേഡിയം പെന്റോക്സൈഡ്

(b) ഇരുമ്പ്

(c) ഫോസ്ഫോറിക് ആസിഡ്

(d) പ്ലാറ്റിനം

Correct Choice: (**a**)
Solution:

സൾഫ്യൂരിക് ആസിഡ് ആണ് (H2SO4) രാസവ്തുക്കളുടെ രാജാവ് എന്നറിയപ്പെടുന്നത്. ഓയിൽ ഓഫ് വിട്രിയോൾ എന്നും ഇതിനു പേരുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ ഇത് നിർമിക്കുന്ന പ്രക്രിയയുടെ പേരാണ് സമ്പർക്ക പ്രക്രിയ(Contact process) ഇതിൽ ഉൽപ്രേരകമായി വനേഡിയം പെന്റോക്സൈഡ് ഉപയോഗിക്കുന്നു.

39. ആധുനിക ആവർത്തന പട്ടികയിൽ S ബ്ലോക്ക് മൂലകങ്ങളെയും P ബ്ലോക്ക് മൂലകങ്ങളെയും പൊതുവായി .......... എന്ന് പറയുന്നു

(a) സംക്രമണ മൂലകങ്ങൾ

(b) അസംക്രമണ മൂലകങ്ങൾ

(c) ഉൽകൃഷ്ട വാതകങ്ങൾ

(d) പ്രാതിനിധ്യ മൂലകങ്ങൾ

Correct Choice: (**d**)
Solution:

എസ്-ബ്ലോക്ക്, പി-ബ്ലോക്ക് ഘടകങ്ങൾ അങ്ങനെ വിളിക്കപ്പെടുന്നു, കാരണം അവരുടെ വാലൻസി ഇലക്ട്രോണുകൾ യഥാക്രമം എസ് അല്ലെങ്കിൽ പി ഓർബിറ്റിലായിരിക്കും.

40. ബ്രിട്ടീഷ് മലബാർ ജില്ലാ കളക്ടർ ആയിരുന്ന വി.എച്.കനോലിയുടെ പേരിൽ അറിയപെടുന്ന തേക്ക് മ്യൂസിയം സ്ഥിതി ചെയ്യുന്നത് ?

(a) നിലമ്പൂർ
(b) പെരിന്തൽമണ്ണ
(c) മറയൂർ
(d) തെന്മല

Correct Choice: (**a**)
Solution:

ലോകത്തിലെ ഏറ്റവും ആദ്യത്തെ തേക്ക് മ്യൂസിയമാണ് നിലമ്പൂർ തേക്ക് മ്യൂസിയം. മലപ്പുറം ജില്ലയിൽ ആണ് ഇത് സ്ഥിതി ചെയ്യുന്നത് . കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ടിന് കീഴിലാണ് മ്യൂസിയം പ്രവർത്തിക്കുന്നത്. തേക്കുകളുമായി ബന്ധപ്പെട്ട ചരിത്രം, ആവാസവ്യവസ്ഥ, തേക്കിന്റെ ഉപയോഗങ്ങൾ, പഠനങ്ങൾ തുടങ്ങി അനേകം വിഷയങ്ങളിലുള്ള ചാർട്ടുകളും ചിത്രങ്ങളും ദൃശ്യസംവിധാനങ്ങളും മ്യൂസിയത്തിലുണ്ട്. കൂടാതെ തേക്കു കൊണ്ട് തീർത്ത ശില്പങ്ങളും ഇവിടെ കാണാം.തേക്കുകളെ പറ്റി കലാപരവും ശാസ്ത്രപരവും ചരിത്രപരവുമായ വിവരങ്ങൾ മ്യൂസിയത്തിലുൾക്കൊള്ളുന്നു.

41. സീറോഫ്താൽമിയ ഏതു വിറ്റാമിൻറെ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗമാണ്?

(a) റെറ്റിനോൾ
(b) ഫില്ലോക്വിനോൻ
(c) ടോകോഫിറോൾ
(d) തയാമിൻ

Correct Choice: (**a**)
Solution:

ഫില്ലോക്വിനോൻ- വിറ്റാമിൻ K
ടോകോഫിറോൾ- വിറ്റാമിൻ E
തയാമിൻ- വിറ്റാമിൻ B1

42. എക്സിമ എന്ന രോഗം ശരീരത്തിന്റെ ഏത് ഭാഗത്തെയാണ് ബാധിക്കുന്നത് ? .

(a) ത്വക്ക്
(b) കണ്ണ്
(c) ഹൃദയം
(d) തലച്ചോറ്

Correct Choice: (**a**)
Solution:

തൊലിപ്പുറത്തെ ചൊറിച്ചിലോ പൊള്ളിയത് പോലെയോ ഉള്ള അവസ്ഥയാണിത്. ഇത് ജനിതക കരണങ്ങള്കൊണ്ടോ , രോഗ പ്രതിരോധശേഷി സംബന്ധമായോ , ഒക്കെ ഉണ്ടാവാം. ഇതൊരു പകർച്ചവ്യാധി അല്ല .

43. ഒരു സസ്യ ഹോർമോൺ ആണ് ––

(a) ഈസ്ട്രോജൻ
(b) സൈറ്റോകിനിൻ
(c) ഇൻസുലിൻ
(d) തൈറോക്സിൻ

Correct Choice: (**b**)
Solution:

മറ്റുള്ളവ മനുഷ്യ ഹോർമോണുകൾ ആണ്.
സൈറ്റോകിനിൻ സസ്യങ്ങളിൽ കോശവിഭജനം നടക്കാൻ സഹായിക്കുന്നു.
ഇൻസുലിൻറെ അഭാവം മൂലമുണ്ടാകുന്ന രോഗമാണ് പ്രമേഹം.

44. ഏത് വിളയുടെ അത്യുല്പ്പാദനശേഷിയുള്ള ഇനമാണ് പന്നിയൂർ–I ?

(a) കുരുമുളക്
(b) നെല്ല്
(c) കരിമ്പ്
(d) ഗോതമ്പ്

Correct Choice: (**a**)
Solution:

ലോകത്തിലെ ആദ്യത്തെ സങ്കരയിനം കുരുമുളകാണ് പന്നിയൂർ––1. ഉതിരൻകൊട്ടയും ചെറിയകന്നിയക്കാടനും മാതാപിതാക്കളായ പന്നിയൂർ––1 തുറസ്സായസ്ഥലത്തേക്ക് യോജിച്ച ഇനമാണ്. കുരുമുളകിന്റെ ഗുണമേന്മ നിർണയിക്കുന്ന ഒളിയോറെസിനും പൈപ്പറിനും പന്നിയൂർ––1ൽ കൂടുതൽ തോതിൽ അടങ്ങിയിരിക്കുന്നു. വെള്ളക്കുരുമുളക് തയ്യാറാക്കാൻ ഏറ്റവും യോജിച്ച ഇനം പന്നിയൂർ––1 ആണ്.

45. കവുങ്ങിനെ ബാധിക്കുന്ന മഹാളി രോഗത്തിന്റെ രോഗകാരി എന്ത് ?

(a) വൈറസ്
(b) ഫംഗസ്
(c) ബാക്ടീരിയ
(d) എഫിഡ്

Correct Choice: (**b**)

Solution:

തെങ്ങ്, കവുങ്ങ് തുടങ്ങിയവയെ ബാധിയ്ക്കുന്ന ഒരു പ്രധാന രോഗമാണ് മഹാളി. പെൺപൂക്കൾ, പാകമാകാത്ത കായ് എന്നിവ കൊഴിഞ്ഞുപോകുന്നതാണ് മഹാളിയുടെ ലക്ഷണങ്ങൾ. കായിലും പൂവിലുമെല്ലാം ചൂടുവെള്ളം വീണ് പൊള്ളിയത് പോലെയുള്ള ചെറിയ പാടുകളാണ് ആദ്യം പ്രത്യക്ഷപ്പെടുക. ക്രമേണ ഇത് അഴുകലിലേയ്ക്ക് നീങ്ങും. ഫൈറ്റോഫ്ലോറ എന്ന ഒരു ഫംഗസ് ആണ് ഈ രോഗത്തിന് കാരണം

46. തലച്ചോറിനെയും സുഷുമ്നയെയും ആവരണം ചെയ്തു കാണുന്ന സ്തരം :

(a) മലയിൻ ഷീത്ത്

(b) പ്ലൂറ സ്തരം

(c) മെനിഞ്ചസ്

(d) പെരികാർഡിയം

Correct Choice: (**c**)
Solution:

മെനിഞ്ചസ് എന്ന മൂദുലമായ പാടകളാണ് തലച്ചോറിനെയും, നട്ടെല്ലിനെയും CSF ദ്രാവകം പുറത്തേക്കു ഒഴുകിപ്പോകാതിരിക്കാൻ ഈ പാടകളുടെ പ്രവർത്തനം സഹായിക്കുന്നു. ഈ CSF എന്ന ദ്രാവകത്തിനെയും, മെനിഞ്ചസ് എന്ന പാടകളേയും ബാധിക്കുന്ന രോഗസംക്രമണമാണ് മെനിഞ്ചൈറ്റിസ്.

47. അസ്ഥികളിലെ പ്രധാന ഘടക വസ്തുവായ രാസപദാർത്ഥം എന്ത് ?

(a) സോഡിയം ഫോസ്ഫേറ്റ്

(b) കാൽസ്യം ഫോസ്ഫേറ്റ്

(c) അമോണിയം ഫോസ്ഫേറ്റ്

(d) മഗ്നീഷ്യം ഫോസ്ഫേറ്റ്

Correct Choice: (**b**)
Solution:

ശരീരത്തിന് ഏറ്റവും ആവശ്യമായ ഒരു ധാതുവാണ് കാൽസ്യം. ഏകദേശം ഒരു കിലോയോളം നമ്മുടെ ശരീരത്തിൽ കാണപ്പെടുന്നുണ്ടെങ്കിലും അതിന്റെ 99 ശതമാനവും എല്ലുകളാണു ശേഖരിക്കുന്നത്. ശരീരത്തിലെ മറ്റു പ്രധാന പ്രവർത്തനങ്ങൾക്കും കാൽസ്യം ആവശ്യമാണ്....

48. മാനിഹോട്ട് യൂട്ടിലിസിമ എന്നത് എന്തിന്റെ ശാസ്ത്രീയ നാമം ആണ് ?

(a) മരച്ചീനി

(b) നെല്ല്

(c) ഗോതമ്പ്

(d) ഉള്ളി

Correct Choice: (**a**)
Solution:

നെല്ല്-ഒറൈസ സറ്റൈവ

49. ലോകാരോഗ്യദിനമായി ആചരിക്കുന്നത് എന്ന് ?

(a) ജൂൺ 7

(b) ജനുവരി 7

(c) മാർച്ച് 7

(d) ഏപ്രിൽ 7

Correct Choice: (**d**)
Solution:

ലോകാരോഗ്യദിനം, എല്ലാ വർഷവും ഏപ്രിൽ 7ന് ലോകാരോഗ്യ സംഘടനയുടെ പ്രായോജകത്വത്തിൽ ആഘോഷിക്കപ്പെടുന്നു. പ്രഥമ ആരോഗ്യസഭ 1948ലാണ് ലോകാരോഗ്യ സംഘടന വിളിച്ചു ചേർത്തത്. 1950 മുതൽ, എല്ലാ വർഷവും ഏപ്രിൽ 7ന് ലോകാരോഗ്യദിനം ആഘോഷിക്കപ്പെടണമെന്ന് പ്രഥമ ആരോഗ്യസഭയാണ് തീരുമാനമെടുത്തത്. ലോകാരോഗ്യ സംഘടനയുടെ സ്ഥാപക ദിനം ആചരിക്കുന്നതോടൊപ്പം ഏതെങ്കിലും ആഗോള ആരോഗ്യ പ്രശ്നത്തെ ലോകശ്രദ്ധയിൽ കൊണ്ട് വരാനും ഈ ദിനാചരണം പ്രയോജനപ്പെടുന്നു

50. ആദ്യത്തെ വാക്സിൻ കണ്ടുപിടിച്ചത് ആര് ?

(a) എഡ്വേർഡ് ജന്നർ

(b) ലൂയി പാസ്ചർ

(c) ലാൻസ്റ്റെയ്നർ

(d) ഹാർവേ

Correct Choice: (**a**)
Solution:

ലോകത്തിലെ ആദ്യത്തെ വാക്സിൻ എന്നറിയപ്പെടുന്ന വസൂരി വാക്സിൻ കണ്ടുപിടിച്ചതിന്റെ പേരിൽ ലോകപ്രശസ്തനായ ഇംഗ്ലീഷുകാരനായ ഭിഷഗ്വരനും ശാസ്ത്രജ്ഞനുമാണ് എഡ്വേർഡ് ജെന്നർ രോഗപ്രതിരോധ ശാസ്ത്രത്തിന്റെ (Immunology) പിതാവ് എന്ന് പേരിൽ കൂടി അദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ കണ്ടുപിടിത്തം ഏറ്റവും കൂടുതൽ ജീവനുകൾ രക്ഷപെടാൻ കാരണമായ ഒന്നാണ് എന്ന് വിലയിരുത്തപ്പെടുന്നു.വൈദ്യശാസ്ത്രത്തിനുപുറമേ പക്ഷിനിരീക്ഷണം, ഭൂവിജ്ഞാനീയം, ജന്തുക്കളെക്കുറിച്ചുള്ള പഠനം തുടങ്ങി പല ശാസ്ത്ര വിഷയങ്ങളിലും ജെന്നർ തത്പരനായിരുന്നു.

51. 0, 6, 24, 60, ........ എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?

(a) 70
(b) 100
(c) 120
(d) 90

Correct Choice: (**c**)

Solution: $1^3 - 1 = 1 - 1 = 0$

$2^3 - 2 = 8 - 2 = 6$

$3^3 - 3 = 27 - 3 = 24$

$4^3 - 4 = 64 - 4 = 60$

ഇതേ രീതിയിൽ അടുത്ത സംഖ്യ = $5^3 - 5 = 125 - 5 = 120$

52. 1–1–2015 വ്യാഴാഴ്ച ആണെങ്കിൽ 1–1–2020 ഏത് ദിവസമാണ് ?

(a) ശനി
(b) വെള്ളി
(c) ചൊവ്വ
(d) ബുധൻ

Correct Choice: (**d**)

Solution: 1-1-2015= വ്യാഴം

1-1-2016= വെള്ളി

1-1-2017= ഞായർ ( 2016 ഒരു അധിവർഷമാണ് )

1-1-2018= തിങ്കൾ

1-1-2019 = ചൊവ്വ

1-1-2020= ബുധൻ

53. $\frac{1}{3}$ നും $\frac{1}{2}$ നും ഇടയിലുള്ള ഭിന്നസംഖ്യ ഏത് ?

(a) $\frac{1}{4}$
(b) $\frac{2}{5}$
(c) $\frac{3}{5}$
(d) $\frac{2}{3}$

Correct Choice: (**b**)

Solution: $\frac{1}{3} = 0.33$

$\frac{1}{2} = 0.5$

$\frac{1}{4} = 0.25; \frac{2}{5} = 0.4; \frac{3}{5} = 0.6; \frac{2}{3} = 0.667$

0.33 ക്കും 0.5 നും ഇടയിൽ വരുന്ന സംഖ്യ = 0.4 അതായത് $\frac{2}{5}$

54. ഒരു ജോലി ചെയ്യുന്നതിന് 20 ആളുകൾക്ക് 6 ദിവസം വേണം എങ്കിൽ 8 ആളുകൾക്ക് എത്ര ദിവസം വേണം ?

(a) 15
(b) 10
(c) 13
(d) 18

Correct Choice: (**a**)

Solution: 20 ആളുകൾ 6 ദിവസം കൊണ്ട് പൂർത്തിയാക്കുന്ന ജോലി = $20 \times 6 = 120$

അതേ ജോലി പൂർത്തിയാക്കാൻ 8 ആളുകൾക്ക് ആവശ്യമായ ദിവസങ്ങൾ = $\frac{120}{8} = 15$

55. കൂട്ടത്തിൽ ബന്ധമില്ലാത്ത സംഖ്യ കണ്ടെത്തുക

(a) √25
(b) √625
(c) √425
(d) √225

Correct Choice: (**c**)

Solution:

$\sqrt{425}$ . മറ്റുള്ളവ എല്ലാം പൂര്ണ്ണവർഗ്ഗമൂലങ്ങൾ ആണ്.

56. ഒരു സമാന്തര ശ്രേണിയുടെ ആദ്യത്തെ 5 പദങ്ങളുടെ തുക 40 ആയാൽ മൂന്നാമത്തെ പദം കാണുക ?

(a) 5
(b) 7
(c) 6
(d) 8

Correct Choice: (**d**)

Solution:

സമാന്തര ശ്രേണിയുടെ 5 പദങ്ങളുടെ തുക = $\frac{5}{2}(2a + (5-1)d) = 40$

$\frac{5}{2}(2a + 4d) = 40$

$2a + 4d = 16$

$a + 2d = 8$

a= ആദ്യപദം

d= പൊതുവ്യത്യാസം

സമാന്തര ശ്രേണിയുടെ മൂന്നാം പദം = $a + (3-1)d = a + 2d = 8$

57. ഒരു സമചതുരത്തിന്റെ വികർണ്ണത്തിന്റെ നീളം 6 സെ.മീ ആണെങ്കിൽ വിസ്തീർണ്ണം എത്ര ?

(a) 32
(b) 64
(c) 18
(d) 16

Correct Choice: (**c**)

Solution:

വശം a യും വികർണ്ണം d യും ആയ ഒരു സമചതുരത്തിന്റെ വിസ്തീർണ്ണം = $a^2 = \frac{d^2}{2} = \frac{6^2}{2} = \frac{36}{2} = 18$

58. $\frac{36}{(36)^{0.5}} = ........?$

(a) 36
(b) 6
(c) $\frac{1}{6}$
(d) $36^{0.2}$

Correct Choice: (**b**)
Solution:

$\frac{36}{(36)^{0.5}} = \frac{36}{6} = 6$
$(36)^{0.5} = (36)^{1/2} = \sqrt{36} = 6$

59. ഒരു ക്ലോക്കിലെ സംഖ്യകൾ ഉപയോഗിച്ച് എത്ര സമഭുജ ത്രികോണങ്ങൾ നിർമ്മിക്കാം ?

(a) 4
(b) 2
(c) 3
(d) 1

Correct Choice: (**a**)
Solution:

ഒരു ക്ലോക്കിലെ സംഖ്യകൾ ഉപയോഗിച്ച് നാല് സമഭുജ ത്രികോണങ്ങൾ നിർമ്മിക്കാം.

60. ഒരു സംഖ്യയുടെ 20%, 480 ന്റെ 60% ന് തുല്യമാണെങ്കിൽ സംഖ്യ എത്ര ?

(a) 144
(b) 288
(c) 36
(d) 1440

Correct Choice: (**d**)
Solution: സംഖ്യ = $x$
480 ന്റെ 60% = $480 \times \frac{60}{100} = 288$
$x \times \frac{20}{100} = 288$
$x = \frac{28800}{20} = 1440$

61. ഒരു സ്ഥാപനത്തിലെ 19 ജോലിക്കാരുടെ ശരാശരി ശമ്പളം 5000 രൂപയാണ്. മാനേജരുടെ ശമ്പളം 10000 രൂപ ആണെങ്കിൽ 20 പേരുടെ ശരാശരി ശമ്പളം എത്ര ?

(a) 8000
(b) 4500
(c) 5250
(d) 5500

Correct Choice: (**c**)
Solution: 19 ജോലിക്കാരുടെ ശരാശരി ശമ്പളം = 5000
19 ജോലിക്കാരുടെ ആകെ ശമ്പളം = $19 \times 5000 = 95000$
20 പേരുടെ ആകെ ശമ്പളം = $95000 + 10000 = 105000$
20 പേരുടെ ശരാശരി ശമ്പളം = $\frac{105000}{20} = 5250$

62. ABCD : EGIK :: FGHI : ..........

(a) JLNP
(b) EGFK
(c) LJND
(d) JMNP

Correct Choice: (**a**)
Solution: ആദ്യത്തെ കൂട്ടത്തിലേത് പോലെ തന്നെ പരിഗണിച്ചാൽ I ക്ക് ശേഷം വരുന്ന അക്ഷരം ആദ്യവും
അതിന് ശേഷം ഓരോ അക്ഷരം ഇടവിട്ടും എഴുതുക അതായത്
I+1= J, J+2=L, L+2=N, N+2=P
വിട്ടുപോയ അക്ഷരക്കൂട്ടം = JLNP

63. 5@3=23; 6@4=34; 7@2=23 ആയാൽ 8@5 എത്ര ?

(a) 63
(b) 53
(c) 73
(d) 83

Correct Choice: (**b**)
Solution: 5@3= $(5 \times 3) + (5 + 3) = 15 + 8 = 23$
ഇതേരീതിയിൽ 8@5= $(8 \times 5) + (8 + 5) = 40 + 13 = 53$

64. 10% വാർഷിക നിരക്കിൽ കൂട്ടുപലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ ഒരാൾ 15000 രൂപ നിക്ഷേപിച്ചു. രണ്ട് വർഷം കഴിയുമ്പോൾ അയാൾക്ക് എത്ര രൂപ ലഭിക്കും ?

(a) 18150
(b) 16000
(c) 17150
(d) 19000

Correct Choice: (**a**)
Solution: രണ്ട് വർഷങ്ങൾക്ക് ശേഷം ലഭിക്കുന്ന തുക = $15000(1 + \frac{10}{100})^2$
$15000(1 + \frac{1}{10})^2 = 15000 \times \frac{11}{10} \times \frac{11}{10} = 150 \times 121 = 18150$

65. TRAIN എന്ന വാക്ക് IRNAT എന്നെഴുതിയാൽ TRUCK എന്ന വാക്ക് എങ്ങനെ എഴുതാം ?

(a) TUKRC
(b) KURTC
(c) CKUTR
(d) CRKUT

Correct Choice: (**d**)
Solution: TRUCK എന്ന വാക്കിലെ അക്ഷരങ്ങളുടെ സ്ഥാനം മാറ്റിയാണ് കോഡ് വാക്കിലെ
അക്ഷരങ്ങൾ എഴുതിയിരിക്കുന്നത് .
അതായത് TRUCK എന്ന വാക്കിലെ ആദ്യ അക്ഷരം കോഡിലെ അവസാന അക്ഷരം ആയും
രണ്ടാമത്തെ അക്ഷരം രണ്ടാമത്തെ അക്ഷരമായി നിലനിർത്തിയും മൂന്നാമത്തെ അക്ഷരം നാലാമത്
ചേർത്തും നാലാമത്തെ അക്ഷരം ആദ്യം എഴുതിയും അവസാന അക്ഷരം മൂന്നാമത് ചേർത്തുമാണ്
കോഡ് ചെയ്തിരിക്കുന്നത് .
TRUCK = CRKUT

66. 40 കുട്ടികളുള്ള ഒരു ക്ലാസ്സിൽ ഉണ്ണിയുടെ റാങ്ക് മുന്നിൽ നിന്ന് അഞ്ചും ഉമയുടെ റാങ്ക് പിന്നിൽ നിന്ന് പതിനെട്ടും ആയാൽ ഇവർക്കിടയിൽ എത്ര പേരുണ്ട് ?

(a) 18
(b) 19
(c) 17
(d) 16

Correct Choice: (**c**)

Solution: ഉണ്ണിയുടെ മുന്നിൽ നിന്നുള്ള റാങ്ക് = 5
ഉമയുടെ പിന്നിൽ നിന്നുള്ള റാങ്ക് = 18
ഉമയുടെ മുന്നിൽ നിന്നുള്ള റാങ്ക് = 40-18+1= 23
രണ്ടുപേർക്കും ഇടയിൽ ഉള്ള കുട്ടികളുടെ എണ്ണം = 23-5-1=18-1=17

67. അരുണിന്റെ അച്ഛൻ രമയുടെ സഹോദരനാണ് എങ്കിൽ രമ, അരുണിന്റെ ആരാണ് ?

(a) അമ്മായി
(b) മരുമകൾ
(c) സഹോദരി
(d) മകൾ

Correct Choice: (**a**)

Solution: രമ അരുണിന്റെ അച്ഛന്റെ സഹോദരിയാണ് അതായത് അമ്മായി

68. $50 - \frac{(10+3-2\times4)}{5} = ........?$

(a) 5
(b) 49
(c) 9
(d) $\frac{6}{5}$

Correct Choice: (**b**)

Solution: $50 - \frac{(10+3-2\times4)}{5} = 50 - \frac{13-8}{5} = 50 - \frac{5}{5} = 50 - 1 = 49$

69. ഒരു പ്രത്യേക ദിശയിൽ നിന്ന് നടക്കാൻ ആരംഭിച്ച ഒരാൾ കുറച്ച് ദൂരം കഴിഞ്ഞപ്പോൾ തിരിഞ്ഞു നടന്നു. പിന്നീട് വലത്തേക്ക് തിരിഞ്ഞു നടന്നപ്പോൾ സൂര്യാസ്തമയം കണ്ടെങ്കിൽ അയാൾ യാത്ര തുടങ്ങിയ ദിശ ഏത് ?

(a) പടിഞ്ഞാറ്
(b) വടക്ക്
(c) തെക്ക്
(d) കിഴക്ക്

Correct Choice: (**c**)

Solution:




യാത്ര തുടങ്ങിയ ദിശ: തെക്ക് $\rightarrow$ തെക്ക് - വടക്ക് നടന്നു$\rightarrow$ കുറച്ച് ദൂരം കഴിഞ്ഞപ്പോൾ തിരിഞ്ഞു നടന്നു :
വടക്ക് -തെക്ക് $\Longrightarrow$ വലത്തേക്ക് തിരിഞ്ഞാൽ പടിഞ്ഞാറ് ( സൂര്യാസ്തമയം).

70. ഒരു ക്ലോക്കിലെ സമയം അതിന്റെ എതിർവശത്തിരിക്കുന്ന കണ്ണാടിയിൽ 3.30 ആയി തോന്നുന്നു എങ്കിൽ ക്ലോക്കിലെ യഥാർത്ഥ സമയം എത്ര ?

(a) 9.45
(b) 12.15
(c) 8.30
(d) 6.30

Correct Choice: (**c**)

Solution:

ക്ലോക്കിലെ യഥാർത്ഥ സമയം = $11.60 - 3.30 = 8.30$

ഇനി മറ്റൊരു എളുപ്പ വഴി. തന്നിരിക്കുന്ന സമയം പേപ്പറിൽ അമർത്തി വരയ്ക്കുക. എന്നിട്ട് പേപ്പർ മറിച്ച് നോക്കിയാൽ അവിടെ തെളിഞ്ഞ് കാണുന്ന സമയമാകും പ്രതിബിംബത്തിലെ സമയം/യഥാർത്ഥ സമയം.

71. They have not spent the night *there* ( Decide which part of speech is in italics)

(a) Adjective
(b) Adverb
(c) verb
(d) Preposition

Correct Choice: (**b**)

72. Monkeys are ......... learners than elephants

(a) faster
(b) very fast
(c) more faster
(d) more fast

Correct Choice: (**a**)

73. The train runs at a speed of 65 kms ............ hour

(a) a
(b) an
(c) the
(d) none of the above

Correct Choice: (**b**)

74. You should decide which one of the three choices A, B, or C best ...........

(a) answer
(b) answered
(c) answers
(d) none of the above

Correct Choice: (**c**)

75. Everybody has attended the conference, ........ ?

(a) didn't they
(b) have they
(c) hasn't they
(d) haven't they

Correct Choice: (**d**)

76. Joy Thomas ............ the marathon for the first time in 2009

(a) is running
(b) ran
(c) runs
(d) has run

Correct Choice: (**b**)

77. She wouldn't have yawned the whole day if she ........ late last night

(a) doesn't stay up
(b) didn't stay up
(c) hadn't stayed up
(d) don't stay up

Correct Choice: (**c**)

78. We often go fishing ........... the river bank

(a) along
(b) inside
(c) towards
(d) around

Correct Choice: (**a**)

Solution:

Along can be used to talk about coming or going to a place where someone is waiting or something is happening.

79. She has three children ....... her first husband

(a) of
(b) in
(c) by
(d) from

Correct Choice: (**c**)

80. Priya said to him " Why are you working so hard ?" ( choose the correct reported speech of the direct speech given above )

(a) Priya asked him why he was working so hard
(b) Priya asked him why was he working so hard
(c) Priya asked him why he has been working so hard
(d) Priya asked him why he had been working so hard

Correct Choice: (**a**)

81. A ........... of gees was heard a mile away

(a) litter
(b) herd
(c) gaggle
(d) none of the above

Correct Choice: (**c**)

82. ................ money is invested by experienced investors who know about what they are doing

(a) Clever
(b) Genial
(c) Intelligent
(d) Smart

Correct Choice: (**d**)

83. Choose the synonym of "Embezzle"

(a) Misappropriate
(b) Balance
(c) Remunerate
(d) Clear

Correct Choice: (**a**)

84. Find the antonym of " Quiescent " fro the following :

(a) Dormant
(b) Active
(c) Weak
(d) Unconcerned

Correct Choice: (**b**)

85. My parents told me that I would have to ........... them when they become old ( use appropriate phrasal verb from the following )

(a) look for
(b) look at
(c) look after
(d) look into

Correct Choice: (**c**)

86. Find a word suitable for the expression " The style in which a writer makes a display of his knowledge "

(a) Verbose
(b) Pedantic
(c) Pompous
(d) Ornate

Correct Choice: (**b**)

87. Choose the correctly spelt word from among the following :

(a) Ignouminious
(b) Ignomenious
(c) Ignominious
(d) Ignomineous

Correct Choice: (**c**)

Solution:

ignominious: deserving or causing public disgrace or shame.

88. Choose the meaning of the given idiom " To pick holes "

(a) To find some reason to quarrel
(b) To destroy something
(c) To eat some part of an item
(d) To criticize some one

Correct Choice: (**d**)

89. Many medications have other .......... besides the intended one .

(a) affects
(b) effects
(c) taste
(d) none of the above

Correct Choice: (**b**)

90. Thousands of people have taken part in a .......... democracy demonstration ( Choose the correct prefix from the following )

(a) for
(b) by
(c) of
(d) pro

Correct Choice: (**d**)
Solution:

Pro-democracy : denoting or relating to political activism directed towards the establishment of democratic government in a country.

91. ചാടിക്കുന്നു എന്ന പദം താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് വിഭാഗത്തിലാണ് ?

(a) കേവലക്രിയ
(b) പ്രയോജകക്രിയ
(c) കാരിതം
(d) അകാരിതം

Correct Choice: (**b**)
Solution:

പ്രയോജകക്രിയ - സ്വന്തം ഇഷ്ടപ്രകാരം അല്ലാതെ മറ്റൊരാളുടെ പ്രേരണയാൽ ചെയ്യുന്ന ക്രിയയാണ് പ്രയോജകക്രിയ.

ഉദാ :- നടത്തുന്നു , നടത്തിക്കുന്നു , ഉറക്കുന്നു

92. കരാരവിന്ദം എന്ന പദം വിഗ്രഹിച്ചെഴുതിയാൽ കിട്ടുന്നത് :

(a) കരമാകുന്ന അരവിന്ദം
(b) കരവും അരവിന്ദവും
(c) അരവിന്ദം പോലുള്ള കരം
(d) കരത്തിലെ അരവിന്ദം

Correct Choice: (**a**)
Solution:

കരാരവിന്ദം എന്ന പദം വിഗ്രഹിച്ചെഴുതിയാൽ കിട്ടുന്നത് കരമാകുന്ന അരവിന്ദം. ആകുന്ന എന്ന പ്രേത്യേയം വന്നിട്ടുണ്ടെങ്കിൽ അത് രൂപക തല്പുരുഷ സമാസത്തിനുദാഹരണമാണ് .

93. ശരിയായ വാക്യം ഏത്?

(a) അയാൾ അലക്കിത്തേച്ച വെളുവെളുത്ത ശുഭവസ്ത്രമാണ് ധരിച്ചിരിക്കുന്നത്
(b) അയാൾ അലക്കിത്തേച്ച വെളുത്ത ശുഭവസ്ത്രമാണ് ധരിച്ചിരിക്കുന്നത്
(c) അയാൾ അലക്കിത്തേച്ച വസ്ത്രമാണ് ധരിച്ചിരിക്കുന്നത്
(d) അയാൾ അലക്കിത്തേച്ച വെളുത്ത വസ്ത്രമാണ് ധരിച്ചിരിക്കുന്നത്

Correct Choice: (**d**)
Solution:

അയാൾ അലക്കിത്തേച്ച വെളുത്ത വസ്ത്രമാണ് ധരിച്ചിരിക്കുന്നത് .

ഇവിടെ വസ്ത്രത്തിൻ്റെ നിറം പരാമർശിക്കുന്നു എന്നാൽ വെളുവെളുത്ത ശുഭവസ്ത്രമാണ്, ശുഭവസ്ത്രമാണ് തുടങ്ങിയ പ്രയോഗങ്ങൾ ഉപയോഗിക്കുന്നില്ല കാരണം അവ പുതുതായ് ഒന്നും പറയുന്നില്ല.

94. ശരിയായ പദം ഏത്?

(a) ആജാനബാഹു
(b) ആജാനുബാഹു
(c) അടിമത്തവം
(d) അടിമത്യം

Correct Choice: (**b**)
Solution:

ആജാനുബാഹു

95. നിനദം എന്ന പദത്തിന്റെ അർത്ഥം എന്ത് ?

(a) കണ്ണ്
(b) മഴ
(c) വസ്ത്രം
(d) നാദം

Correct Choice: (**d**)

96. കുഞ്ഞിത്താച്ചുമ്മ എന്ന കഥാപാത്രം ഏത് കൃതിയിലേതാണ് ?

(a) നീലവെളിച്ചം
(b) ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്
(c) ആയിഷക്കുട്ടി
(d) പൂവമ്പഴം

Correct Choice: (**b**)

Solution:

വൈക്കം മുഹമ്മദ് ബഷീർ എഴുതിയ ഒരു മലയാള നോവലാണ് ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്. 1951-ലാണ് ഈ നോവൽ പ്രസിദ്ധീകരിച്ചത്. മുസ്ലിം സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കെതിരിലുള്ള ഒരു കടന്നാക്രമണമായി ഈ നോവൽ മാറുകയുണ്ടായി. ഈ വെളിച്ചത്തിനെന്തു വെളിച്ചം എന്ന ബഷീറിന്റെ വിഖ്യാതമായ പദപ്രയോഗം ഈ നോവലിലാണുള്ളത്. തങ്ങളുടെ കുറവുകൾ മറയ്ക്കാൻ വേണ്ടി ആളുകൾ തങ്ങളുടെ പോയകാല പ്രതാപത്തെക്കുറിച്ച് ഊറ്റം കൊള്ളുന്നതിനെ കളിയാക്കാനായാണ് ബഷീർ ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്ന പേരിലൂടെ ശ്രമിക്കുന്നത്. 'ആന ഉണ്ടാർന്ന' തറവാട്ടിലെ കാരണവത്തിയായതിനാൽ പട്ടിണിയാണെങ്കിലും മെതിയടിയിട്ട് തത്തി തത്തി നടക്കുന്ന ഉമ്മയെ ഈ നോവലിലെ പ്രധാനകഥാപാത്രമായ മകൾ കുഞ്ഞുപാത്തുമ്മ അത് 'കയ്യാന' (കുഴിയാന) ആയിരുന്നു എന്ന് പറഞ്ഞു പരിഹസിക്കുന്നത് ഈ നോവലിൽ നമുക്ക് കാണാം.

97. പവനൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത് :

(a) ശ്രീകുമാർ

(b) ജോർജ്ജ് വർഗ്ഗീസ്

(c) പി.വി നാരായണൻ നായർ

(d) എം.ടി വാസുദേവൻ നായർ

Correct Choice: (**c**)

Solution:

പ്രശസ്ത എഴുത്തുകാരനും യുക്തിവാദിയുമായിരുന്നു പവനൻ (പുത്തൻ വീട്ടിൽ നാരായണൻ നായർ) (ഒക്ടോബർ 26, 1925 - ജൂൺ 22, 2006) .

98. സരസ്വതി സമ്മാനം നേടിയ ആദ്യ മലയാളി ?

(a) സുഗതകുമാരി

(b) മാധവിക്കുട്ടി

(c) എം.ലീലാവതി

(d) ബാലാമണിയമ്മ

Correct Choice: (**d**)

Solution:

മലയാളത്തിലെ പ്രശസ്തയായ കവയിത്രിയായിരുന്നു ബാലാമണിയമ്മ . മാതൃത്വത്തിന്റെ കവയിത്രി എന്നാണ് അവർ അറിയപ്പെട്ടത്.ചെറുപ്പം മുതലേ കവിതയെഴുതിയിരുന്ന ബാലാമണിയമ്മയുടെ ആദ്യ കവിതയായ 'കൂപ്പുകൈ'ഇറങ്ങുന്നത് 1930-ലാണ്. കൊച്ചി മഹാരാജാവായിരുന്ന പരീക്ഷിത്തു തമ്പുരാനിൽനിന്ന് 1947-ൽ 'സാഹിത്യനിപുണ'ബഹുമതി നേടി. പിന്നീട് നിരവധി പുരസ്കാരങ്ങളും ബഹുമതികളും അവരെ തേടിയെത്തി. ലളിതവും പ്രസന്നവുമായ ശൈലിയിൽ മനുഷ്യമനസ്സിന്റെ അഗാധതയെ പ്രതിഫലിപ്പിക്കുന്നതാണ് ബാലാമണിയമ്മയുടെ കവിതകൾ. മാതൃത്വവും നിഷ്കളങ്കമായ ശൈശവഭാവവും അവയിൽ മുന്നിട്ടുനിന്നു.

ഓരോ വർഷവും ഇന്ത്യൻ ഭാഷകളിൽ നിന്നുള്ള മികച്ച സാഹിത്യസൃഷ്ടിക്ക് നൽകിവരുന്ന ഒരു പുരസ്കാരമാണ് സരസ്വതി സമ്മാൻ. ഹിന്ദുപുരാണങ്ങളിലെ വിദ്യാദേവിയായ സരസ്വതിയാണ് പേരിന്റെ ആധാരം. 1991-ൽ കെ.കെ.ബിർള ഫൗണ്ടേഷൻ ആണ് ഇത് രൂപീകരിച്ചത്. 1995 ഇൽ ആണ് ബാലാമണിയമ്മ ഈ അവാർഡിനു അർഹയായത്.

99. Poetic Trinity എന്നതിന്റെ മലയാളം എന്ത് ?

(a) മൂന്ന് കവികൾ

(b) കവിയുടെ പരിശുദ്ധി

(c) കവിതയുടെ വിശുദ്ധി

(d) കവിത്രയം

Correct Choice: (**d**)

100. Still waters run deep എന്നതിന്റെ മലയാളത്തിലുള്ള ചൊല്ലാണ് :

(a) മിണ്ടാപ്പൂച്ച കലമുടയ്ക്കും

(b) ഒഴുക്കുള്ള വെള്ളത്തിൽ അഴുക്കില്ല

(c) നിറകുടം തുളുമ്പില്ല

(d) താണനിലത്തെ നീരോടൂ

Correct Choice: (**a**)

Solution:

മലയാളം വിവർത്തനം "മൗനം അർത്ഥഗർഭം ആണ്" എന്നാണ്.
ആ അർത്ഥത്തിനോട് ഏറ്റവും അടുത്ത് നിൽക്കുന്നത് "മിണ്ടാപ്പൂച്ച കലമുടയ്ക്കും" എന്ന ചൊല്ലാണ്.

English meaning: used for saying that people who are shy or who do not say much often have very strong feelings or interesting ideas.